# കർമ്മല കുസുമം.

പുസ്തകം ൧൩) ൧൯൧൨ ഏപ്രിൽ (ലക്കം ൰൨.

## വിശുദ്ധ യൌസേപ്പിന്റെ മാദ്ധ്യസ്ഥം.

കന്യക മറിയത്തിന്റെ ഭർത്താവും ദൈവപുത്രനായ ഈശോമ്ശിഹായുടെ വളർത്തുപിതാവുമായ വി. യൌസേപ്പിന്റെ നേരെയുള്ള ഭക്തി തീക്ഷ്ണതയിൽ വി. ത്രേസ്യാ തന്റെ മക്കളായ കർമ്മെലസഭക്കാരെ അധികമായി പ്രോത്സാഹിപ്പിച്ചുവന്നിരുന്നു. തന്നിമിത്തം കർമ്മെലസഭക്കാർ ഈ പിതാവിനെ തങ്ങളുടെ മദ്ധ്യസ്ഥനായി ൧൬൨൧-ാംകാലം തെരഞ്ഞെടുക്കയും ൧൬൮൦-ാംകാലം ഉയിർപ്പിന്റെ ശേഷമുള്ള ൩-ാം ഞായറാഴ്ച ഈ പിതാവിന്റെ മാദ്ധ്യസ്ഥത്തിരുനാൾ സഭയിൽ ആഘോഷിക്കുന്നതിന്നു അനുമതി ലഭിക്കയും ചെയ്തു. അനന്തരം ൧൮൪൭-ാം കാലം ൯-ാം പീയൂസ് മാർപ്പാപ്പാ ഈ തിരുനാൾ കത്തോലിക്കാലോകം മുഴുവനിലും ആഘോഷിക്കുന്നതിനു കല്പിക്കയും ൧൮൭൦-ാംകാലം ഡിസംബർമാസത്തിൽ മെത്രാന്മാരുടേയും വിശ്വാസികളുടേയും അപേക്ഷപ്രകാരം ഈ മഹാപുണ്യവാനെ കത്തോലിക്കാ തിരുസഭയുടെ മദ്ധ്യസ്ഥനായി നിയമിക്കയും ചെയ്തു. ഈയാണ്ടു വി. യൌസേപ്പിന്റെ മാദ്ധ്യസ്ഥത്തിരുനാൾ ആഘോഷിക്കപ്പെടുന്നതു ഈ മാസം ൨൮-ാം- ആണെല്ലൊ.

മെസ്രേനിലും സമീപസ്ഥലങ്ങളിലും ഉണ്ടായ ക്ഷാമത്തിൽനിന്നു തദ്ദേശവാസികളേയും ഇസ്രായേൽക്കാരെയും സംരക്ഷിക്കുന്നതിനായി പൂർവ്വയൌസേപ്പിനെ പെറഗോൻ രാജാവു തന്റെ പ്രതിപുരുഷനും മന്ത്രിയും മെസ്രേനിലെ സർവ്വാധികാരിയുമായി നിശ്ചയിച്ചു. തദ്വാരാ മെസ്രേങ്കാരും ഇസ്രായേൽക്കാരും ക്ഷാമത്തിൽനിന്നു മോചിതരായി. പെറഗോൻ രാജാവിന്റെപക്കൽ സഹായാർത്ഥം ഓടിക്കൂടിയിരുന്നവരോടു പെറഗോൻ രാജാവു 'യൌസേപ്പിന്റെ പക്കൽ പോകുവിൻ' എന്നുപറഞ്ഞു അവരെ അദ്ദേഹത്തിന്റെ പക്കലേക്കു അയച്ചിരുന്നു. ഇപ്രകാരം നമ്മുടെ സകല ആവശ്യങ്ങളിലും നമ്മെ സഹായിക്കുന്നതിന്നു സർവ്വാധികാരിയായി വി. യൌസേപ്പിനെ ദൈവം നിശ്ചയിച്ചിരിക്കുന്നു. സ്വർഗ്ഗീകനന്മകളുടെ ഭണ്ഡാരത്താക്കോൽ ഈ മഹാനു ഏല്പിക്കപ്പെട്ടിരിക്കുന്നു. തന്റെ പതിയായ കന്യകമറിയത്തിൻപക്കലും തന്റെ വളർത്തുമകനായ ഈശോയുടെപക്കലും ഈ പിതാവിന്റെ അപേക്ഷ കല്പനപോലെ ശക്തിയുള്ളതായിരിക്കുന്നു. ഒരാൾക്കു ദൈവത്തോടുള്ള സ്നേഹത്തിന്റെ അളവിന്നൊത്തവണ്ണം അയാൾ മനുഷ്യരെ സ്നേഹിക്കുന്നുവെന്നു സമ്മതിക്കേണ്ടതാണ്. എന്നാൽ വി. യൌസേപ്പ്, ദൈവജനനി കഴിഞ്ഞാൽ മറ്റെല്ലാവരെക്കാൾ ദൈവത്തെസ്നേഹിക്കുന്നു. തന്നിമിത്തം ഈ പിതാവ് നമ്മെ അത്യധികം സ്നേഹിക്കയും നമ്മെ സഹായിപ്പാൻ എത്രയും ആഗ്രഹിക്കയും ചെയ്യുന്നു. ഈ പിതാവ് നമ്മുടെ അമ്മയായ മറിയത്തിന്റെ ഭർത്താവാകയാൽ

നാമെല്ലാവരും ഈ പിതാവിന്റെ മക്കളായിരിക്കുന്നു. പിതൃസ്നേഹത്തോടെ നമ്മെ ഈ മഹാത്മാവു സ്നേഹിക്കയും ചെയ്യുന്നു. വി. യൌസേപ്പു സ്വൎഗ്ഗത്തിൽ വളരെ ശക്തിയുള്ളവനും നമ്മെസഹായിക്കുന്നതിന്നു അത്യധികം കാംക്ഷിക്കുന്നവനുമാകകൊണ്ടാണു കത്തോലിക്കാതിരുസഭ മുഴുവന്റെയും മദ്ധ്യസ്ഥനായി ഇദ്ദേഹം നിയമിതനായിരിക്കുന്നതു്. അതുകൊണ്ടു നാം ഈ പുണ്യവാന്റെ നേരെ യഥാൎത്ഥഭക്തിയുള്ളവരായിരിക്കേണം. പ്രതിദിനം എന്നാൽ പ്രത്യേകിച്ചു ബുധനാഴ്ചതോറും ഈ മഹാത്മാവിനെക്കുറിച്ചു പാടുള്ള സൽകൃത്യങ്ങൾ ചെയ്യണം. സകല നന്മകളിലുംവച്ചു നല്ലമരണം പ്രാപിക്ക എന്നതു ഉത്തമനന്മയാണെന്നുള്ളതിന്നു സംശയമില്ല. വി. യൌസേപ്പ് നല്ലമരണത്തിന്റെ മദ്ധ്യസ്ഥനായിരിക്കയാൽ ഈ വിശുദ്ധന്റെ ഭക്തർ നല്ലവണ്ണം മരിക്കുന്നതിനും തദ്വാരാ സ്വൎഗ്ഗത്തിൽ സൎവ്വഭാഗ്യങ്ങളും അവസാനമില്ലാത്തകാലത്തോളം അനുഭവിക്കുന്നതിനും ഇടവരുത്തുന്നതാണ്.

[illegible]

## വി. യൌസേപ്പു പിതാവ്.

(2)

മനുഷ്യാവതാരത്തിന്റെ പരമരഹസ്യം വിശുദ്ധ യൌസേപ്പു പിതാവിന്നു അജ്ഞാതമായിരുന്ന കാലത്തു് തന്റെ ജോലികളിൽനിന്നു വിമുക്തനായിരിക്കുന്ന അവസരങ്ങളിൽ വേദപുസ്തകത്തിൽനിന്നു ചില ഭാഗങ്ങൾ തന്റെ പ്രിയപത്നിയായ ഭാഗ്യപ്പെട്ട കന്യക ഈ വിശുദ്ധനെ വായിച്ചുകേൾപ്പിച്ചിരുന്നു. പ്രത്യേകമായി ഇവർ വായിച്ചിരുന്നതു സംകീൎത്തനങ്ങളും പ്രവചനങ്ങളുമായിരുന്നു. ദീൎഘപരിചയത്തോടുകൂടിയ ഒരു അദ്ധ്യാപികയേപ്പോലെ വിശുദ്ധ കന്യക അവയൊക്കെ വ്യാഖ്യാനിക്കയും വി. യൌസേപ്പ് ചില ഭാഗങ്ങളെപ്പററി കൂടുതൽ വിവരം ആവശ്യപ്പെട്ടപ്പോൾ സുവ്യക്തമാംവണ്ണം അവയെ വിവരിക്കയും ചെയ്തിരുന്നതിനാൽ ആ മഹാത്മാവ് പലപ്പോഴും വിസ്മയിച്ചിരുന്നു. ഇവരിരുവരും ഈ മാൎഗ്ഗേണ ദൈവത്തോടും അവിടത്തെ മഹിമപ്രതാപങ്ങളോടും സുപരിചിതരാകയും സൎവ്വദാ ദൈവസ്തോത്രം ചെയ്യുന്നതിനു അത്യുത്സാഹികളാകയും ചെയ്തു.

എന്നാൽ മനുഷ്യാവതാരമെന്ന ഉന്നത രഹസ്യത്തെപ്പററി അറിഞ്ഞതുമുതൽ ഈ അത്ഭുത സംഭവങ്ങൾക്കും പ്രവൃത്തികൾക്കുമുള്ള ദൈവത്തിന്റെ ഒരു സഹായാനുവൎത്തിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതുമൂലം അദ്ദേഹം ദൈവത്താൽ അനുഗ്രഹീതനാണു എന്നുള്ള ഭക്തിയോടുകൂടിയത്രെ നമ്മുടെ നാഥ ആ ദേഹത്തോടു പെരുമാറിയിരുന്നതു്. അനന്തരം കന്യകയിൽനിന്നുള്ള "ദൈവവചന" ജനനത്തേയും പിറവിയേയും തന്റെ പരിപാവനമായ ജീവിതത്തേയും മററും കുറിച്ചുള്ള പ്രവചനങ്ങളെ ഏററവും വ്യക്തമായി ഗ്രഹിക്കുന്നതിനു അവൎക്കു കഴിഞ്ഞിരുന്നു. ഇത്ര ഉൽക്കണ്ഠാപൂൎവ്വം സൎവ്വരാലും പ്രതീക്ഷിതമായിരുന്ന ആ മംഗള ദിനത്തെക്കുറിച്ചു അവൎക്കുണ്ടായ ആനന്ദം കേവലം അവൎണ്ണനീയം തന്നെ. ദൈവപുത്രൻ ഒരു ശിശുവായി തന്നിൽനിന്നും അവതരിച്ചു. "അതിനെ" തന്റെ ഭുജങ്ങളിൽവച്ചു ലാളിക്കുന്നതിനും വേണ്ടപ്പെട്ട സകല പരിശുശ്രൂഷകളും "അതിന്റെ" സുഖത്തിനായി ചെയ്യുന്നതിനും മററും തനിക്കു ഭാഗ്യമുണ്ടാകുമല്ലൊ എന്നും ഈ ആനന്ദാതിരേകത്തിൽ ഭാഗഭാക്കാകുന്നതിനു തന്റെ പ്രിയതമനും സംഗതിയാകുമല്ലൊ എന്നും മററുമായിരുന്നു പരിശുദ്ധ കന്യകയുടെ മനോഗതങ്ങൾ. ഈ ഹൎഷാതിശയങ്ങളെ വിശുദ്ധ യൌസേപ്പിനേയുംഗ്രഹിപ്പിച്ചിരുന്നു. എങ്കിലും പിന്നീടു ഈ ദിവ്യപൈതൽ അനുഭവിക്കേണ്ടിയിരുന്ന കഷ്ടാരിഷ്ടതകളെയൊ കഠിനമരണത്തെയൊ യാതൊന്നും ഭാഗ്യപ്പെട്ട കന്യക സൂചിപ്പിക്ക പതിവില്ലായിരുന്നു. എന്തെന്നാൽ അവയൊക്കെ അറിയുന്നപക്ഷം വിശുദ്ധ യൌസേപ്പിന്റെ ആൎദ്രമനസ്സു വേദനപ്പെടുമെന്നു ശങ്കിച്ചിരുന്നു. അതിനാൽ സന്താപ

ജനകങ്ങളായ ഭാഗങ്ങളെ ഒഴിച്ചു ശ്രുതിമധുരങ്ങളായ സംഭാഷണങ്ങൾ മൂലം ദൈവികാനന്ദ ലഹരിയിൽ ഉന്മത്തനായ ഭാഗ്യപ്പെട്ട യൌസേപ്പ് ഇങ്ങനെ ചോദിച്ചു. "അല്ലയൊ ഭാഗ്യവതി! നിന്റെ പവിത്രമായ ഭുജങ്ങളിൽ എന്റെ ദൈവവുംപരിത്രാതാവുമായ 'ആളെ'ഞാൻ കാണുകയെന്നതും ആ സ്ഥിതിയിലുള്ള ഹത്തെ ഞാൻ ആരാധിക്കയെന്നതും അവിടത്തെ സ്വാരപീയൂഷം എന്റെ എത്രയും വിനീതമായ കർണ്ണേന്ദ്രിയംകൊണ്ടു ആസ്വാദിക്കയെന്നതും ആ തിരുദേഹത്തെ ഞാനും സ്പർശിക്കയും എന്റെ കണ്ണുകൾ ആ ദിവ്യാനനം കണ്ടു് അവിടത്തെ ശുശ്രൂഷയും സംരക്ഷണയും എന്റെ പ്രയത്നങ്ങളെ പ്രയോജകീഭവിപ്പിക്കയും മററും ചെയ്കയെന്നതും യഥാർത്ഥത്തിൽ സംഭാവ്യമായിരിക്കുമോ? അനന്യലഭ്യമായ ഈ അനുഗ്രഹവിശേഷം എനിക്കു എങ്ങനെയുണ്ടായി? ആ ദിവ്യ ഉണ്ണിയുടെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നതിനായി എനിക്കു ധനസമ്പത്തുകൾ ഇല്ലല്ലൊ. അതെന്താണു്? അതിനു ഈ പ്രതാപവതി ഇപ്രകാരം ഉത്തരിച്ചു. "സർവ്വശക്തനായ ദൈവം ലോകാവതരണം ചെയ്യുന്നതു ധനാർജ്ജനത്തിന്നല്ലല്ലൊ. അതിനു അദ്ദേഹത്തിനാവശ്യവുമില്ല. സ്വർഗ്ഗീയ സിംഹാസനത്തിൽനിന്നുംഅങ്ങനേയുള്ളതിനു ഒരിക്കലും അവരോഹണം ചെയ്യുന്നതല്ലാതാനും. അവിടത്തെ ലോകപ്രവേശം അതിലെ അക്രമങ്ങളെ ഉന്മൂലനം ചെയ്തു നീതിയെ പുനഃസ്ഥാപിക്കുന്നതിനും തദ്വാരാ നിത്യജീവിതത്തിലേക്കു മനുഷ്യവർഗ്ഗത്തെ ആനയിക്കുന്നതിനും മാത്രമാണു്. ഇക്കാര്യസിദ്ധിക്കുള്ള ഉത്തമ മാർഗ്ഗങ്ങൾ വിനയവും ദരിദ്രതയുമാണു്. അതുകാരണത്താലാണു് അവിടുന്നു് നമ്മുടെ വാസാവസ്ഥയെ തെരിഞ്ഞെടുക്കുന്നതും. നമ്മൾ ലൌകിക വസ്തുവഹകളിൽ സുഭിക്ഷതയോടുകൂടിയിരിക്കുന്നതിനു അവിടുന്നു് തിരുമനസ്സാകുന്നില്ല. എന്തെന്നാൽ, അവയൊക്കെ മായാമയവും മനസ്സ്വൈരരഹിതവുമാകുന്നു."

ഇപ്രകാരം സുകൃതസമ്പാദന മാർഗ്ഗങ്ങളെ തനിക്കുപദേശിച്ചു തരുന്നതിനായി വിശുദ്ധ യൌസേപ്പു ഈ അനുഗ്രഹീതയായ നാഥയോടു ആവശ്യപ്പെട്ടിരുന്നു. പ്രത്യേകം താൻ ഒരു അഹിതദാസനായി നിഷ്കാസിക്കപ്പെടാതെ ആ "സർവ്വേശമാനുഷ"ന്റെ സന്നിധിയിൽ പരിചരിക്കുന്നതിന്നു തന്നെത്തന്നെ യോഗ്യനാക്കുവാൻ അവശ്യം വേണ്ടതായ ആ ദൈവസ്നേഹത്തിൽ ഉപര്യുപരി അഭിവൃദ്ധിപ്പെടുന്നതിനാണു് മനഃപൂർവ്വം ഇച്ഛിച്ചിരുന്നതു്. സർവ്വ സുകൃതാധിനാഥയോ എന്നാൽ ഈ ആഗ്രഹാനുസരണം സകല സദ്‌വൃത്തി വിശേഷങ്ങളെയും അവയുടെ സമ്പാദന രീതികളെയും തന്റെ പ്രിയതമനുവേണ്ടി സവിസ്തരം വ്യക്തീകരിച്ചിരുന്നു.

വാസ്തവം ഇപ്രകാരമാണെങ്കിലും താൻ തന്റെ ഭർത്താവിന്റെ ഒരു പ്രബോധകയായി കാണപ്പെടാതിരിപ്പാൻ വേണ്ട വിവേകത്തോടും മുൻകരുതലോടും കൂടിയായിരുന്നു മറിയത്തിന്റെ എല്ലാ പ്രവൃത്തികളും. ഇതിന്നായി വിശുദ്ധ യൌസേപ്പിനോടു് ഓരോ സംഗതികൾ ചോദിക്കയും ആ ചോദ്യങ്ങളിൽ ജ്ഞേയങ്ങളായ എല്ലാററിനേയും ക്രോഡീകരിക്കയുമാണു ചെയ്തിരുന്നതു്. ഈ പരിശുദ്ധൻ തന്റെ വേലകൾ ചെയ്തുകൊണ്ടിരിക്കുമ്പോഴും ഈവക സംഭാഷണങ്ങളും വേദപുസ്തകവായനയും വ്യാഖ്യാനങ്ങളും മററും തന്റെ പ്രിയപത്നി ചെയ്യാറുണ്ടായിരുന്നു. ഏവംവിധം സ്വർഗ്ഗീയപഠനങ്ങളുടെ മാധുര്യ മഹിമയാൽ ലൌകിക ബദ്ധപ്പാടുകളെ ഈ നാഥ ലഘൂപ്പെടുത്തുകയും തന്മൂലം വിശുദ്ധ യൌസേപ്പും പുണ്യത്തിൽ പരമോന്നതി പ്രാപിക്കയും ചെയ്തു. നമ്മുടെ പ്രവൃത്തികൾ വഴിയായി കരസ്ഥമാക്കാവുന്ന അനല്പമായ സുകൃതഫലത്തെ തന്റെ ഭർത്താവിനു് വിശദീകരിച്ചു കൊടുത്തുകൊണ്ടു്, താൻ ഈ വിശുദ്ധനു് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നുള്ള വിനീത വിചാരത്താൽ അയാളാൽ താൻ സംരക്ഷിക്കപ്പെടുന്നതിനുപോലും അയോഗ്യയാണെന്നും സൃഷ്ടങ്ങളിൽവച്ചു ഏററവും ഹീനസൃഷ്ടമാത്രമേ താനാകുന്നുള്ളു എന്നും തന്റെ പ്രിയതമനെ യാതൊരു വിധത്തിലും സഹായിക്കുന്നതിനു് താൻ ശക്തയല്ലല്ലോ എന്നും മററുമായിരുന്നു

സർവ്വലോക രാജ്ഞിയായ പരിശുദ്ധ കന്യകയുടെ പരിചിന്തകൾ.

ഇങ്ങനെയിരിക്കെ ഒരിക്കൽ ഒരു വലിയ പക്ഷിക്കൂട്ടം ഈ നാഥയെ ഉല്ലസിപ്പിക്കുന്നതിന്നായി വന്നതു് വിശുദ്ധ യൌസേപ്പു കണ്ടു. അവയെല്ലാംകൂടി ഈ കന്യകയുടെ ചുററും അത്യാഹ്ളാദപൂർവ്വം ചിറകടിച്ചുകൊണ്ടു പറന്നുനടക്കുകയും വളരെ ആനന്ദകരമാംവണ്ണം പാടിച്ചിലക്കുകയും ചെയ്തു. ഈ അത്ഭുതത്തേക്കണ്ടു് ഭാഗ്യവാനായ യൌസേപ്പു അത്യന്തം സന്തോഷവിസ്മയങ്ങളോടേ ഇങ്ങനെ പറഞ്ഞു. "ഒ! ഭാഗ്യവതി! ബോധചൈതന്യമില്ലാത്ത ഈ സൃഷ്ടങ്ങൾ പോലും അവയുടെ കടമകളെ എന്നെക്കാൾ എത്രയോ ശ്രേഷ്ഠതരമായവിധത്തിൽ നിർവ്വഹിക്കുന്നു. അവയുടെ ശക്ത്യനുസരണം അവ ഭവതിയെ ആദരിക്കയും സ്തുതിക്കയും ചെയ്യുന്നതു് എത്രയും ന്യായപൂർവ്വകമായിരിക്കുന്നു. ഞാനും നിവൃത്തിപോലെ അങ്ങേ ശുശ്രൂഷകൾ ചെയ്യേണ്ടതു് എൻ്റെ ചുമതലയും അതിനു പാത്രീഭവിക്കേണ്ടതു അവിടത്തെ അവകാശവുമാണ്." ഇതിനു പരിശുദ്ധ കന്യക എത്രയും വിനയത്തോടെ ഇങ്ങനെ പറഞ്ഞു. "ഞാൻ ഒരു നിസ്സാരജീവി മാത്രമാണെല്ലോ. എങ്കിലും സകല സൃഷ്ടങ്ങളേക്കൊണ്ടും ആ അത്യുന്നതനെ കീർത്തിപ്പിക്ക എന്നതു ഞാൻ ചെയ്യേണ്ടതുമായിരിക്കുന്നു."

വിശുദ്ധ യൌസേപ്പിൻ്റെ നേർക്കുള്ള ഭക്തിയെ ലോകത്തിൽ പ്രചാരപ്പെടുത്തുന്നതിന് കർമ്മലീത്താസഭാ സംസ്കാരകയായ ത്രേസ്യാപ്പുണ്യവതി നിസ്തന്ദ്രമായി പ്രയത്നിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ഭക്തി പ്രവൃദ്ധമായിത്തന്നെയാണിരിക്കുന്നു. ഈ പുണ്യവതി സഭാപരിഷ്കരണാനന്തരം ആദ്യത്തെ 'മഠം' വിശുദ്ധ യൌസേപ്പിൻ്റെ നാമത്തിൽ സ്ഥാപിച്ചു. പിന്നീടു് അനേകം സ്ഥാപനങ്ങൾ ഈ മഹാപുണ്യവാനായി ഈ പുണ്യവതി പ്രതിഷ്ഠിച്ചിട്ടുമുണ്ട്. പതിനെട്ടാം നൂററാണ്ടിൻ്റെ അവസാനത്തോടുകൂടി നൂററൻപതു പള്ളികളോളം കർമ്മലീത്താസഭവകയായി ഈ പുണ്യവാൻ്റെ നാമത്തിൽ സമർപ്പിതങ്ങളായി. ഇതിനെ ഇതര 'സഭ'കളും അനുകരിച്ചിരുന്നു.

തനിക്കു അസംഖ്യം അനുഗ്രഹങ്ങൾ ഈ വിശുദ്ധൻ്റെ മാദ്ധ്യസ്ഥംമൂലം ലഭിച്ചിരുന്നതിനേപ്പററി ഭാഗ്യപ്പെട്ട ത്രേസ്യാ ഇപ്രകാരം പറയുന്നു. "ഞാൻ വിശുദ്ധ യൌസേപ്പിനോടു് അപേക്ഷിച്ചിട്ടുള്ളതിൽ എന്തെങ്കിലും ഒരിക്കലും എനിക്കു ലഭിക്കാതിരിക്കുന്നില്ല. ദൈവം ഈ മഹാത്മാവു വഴിയായി എനിക്കു നൽകീട്ടുള്ള അനേക സഹായോപകാരങ്ങളെ ഓർമ്മിക്കുമ്പോൾ വിസ്മയത്താൽ കേവലം ഞാൻ സ്തബ്ധയായിപ്പോകുന്നു. ആത്മികവും ദൈവികവുമായ പലേ ആപത്തുകളിൽനിന്നും എന്നെ പരിരക്ഷിച്ചിട്ടുണ്ട്. ഓരോ പ്രത്യേകാവശ്യങ്ങളിൽ മനുഷ്യരെ സഹായിപ്പാനുള്ള വരമേ മററു വിശുദ്ധന്മാർക്കു ദൈവം കൊടുത്തിട്ടുള്ളു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ പുണ്യവാനാകട്ടേ എല്ലായ്പ്പോഴും എല്ലാത്തിലും നമ്മുടെ ഉപകാരിയായിരിക്കുന്നതിനുള്ള ശക്തി ദൈവം നൽകീട്ടുണ്ടെന്നു് എൻ്റെ അനുഭവജ്ഞാനത്തിൽ നിന്നും ഞാൻ തീർച്ചപ്പെടുത്തുന്നു. തൻ്റെ പിതൃസ്ഥാനവും രക്ഷകത്വവും വിശുദ്ധ യൌസേപ്പിനുണ്ടായിരുന്നതിനാൽ താൻ അയാളുടെ ആജ്ഞകൾക്കു് കീഴ്പെട്ടിരുന്നതുപോലെ സ്വർഗ്ഗീയ രാജ്യത്തിലും അയാളുടെ അപേക്ഷകൾക്കൊത്തപ്രകാരം ദൈവം ഉടനുടൻ അനുവർത്തിക്കുന്നുവെന്നു് നമുക്കു വിചാരിക്കാവുന്നതാണ്. അതിനാൽ ദൈവത്തിൽനിന്നും സകല ആശീർവ്വചനങ്ങളും നമുക്കു സമ്പാദിച്ചു തരുന്നതിനു് വിശുദ്ധ യൌസേപ്പു പിതാവു് പ്രാപ്തനാണെന്നു് ദീർഘപരിചയത്താൽ എനിക്കു ബോദ്ധ്യമായിരിക്കുന്നു. അതിനാൽ ഈ ഭാഗ്യവാൻ്റെ ഭക്തന്മാരായി ജീവിക്കുന്നതിനു് എല്ലാ ജനങ്ങളേയും ഞാൻ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിച്ചുകൊള്ളുന്നു.

വാസ്തവത്തിൽ അദ്ദേഹത്തിൻ്റെ ഭക്തനായിരുന്നു് അവിടുത്തെ സേവിച്ചിട്ടുള്ള ഒരുവൻപോലും, സുകൃതാഭ്യസനങ്ങളിൽ വിസ്മയാവഹമായി അഭിവൃദ്ധിപ്പെടാതിരുന്നതായി ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. എന്തെന്നാൽ അങ്ങനെയുള്ളവരുടെനേർക്കു ഈ വിശുദ്ധനു പ്ര

ത്യേക സ്നേഹമുണ്ട്. ചിലകൊല്ലങ്ങളായിട്ട് ഞാൻ എന്തൊരു കാൎയ്യമെങ്കിലും അപേക്ഷിച്ചാൽ തീർച്ചയായും അതു എനിക്ക് ഈ മഹാത്മാവു് ലഭിച്ചുതരുന്നു. എൻെറ അപേക്ഷ വല്ലവിധത്തിലും ശരിയായിട്ടുള്ളതല്ലെങ്കിൽ എൻെറ ഉപരി നന്മയ്ക്കായി അവിടുന്ന് അതിനെ ശരിപ്പെടുത്തുകയുംചെയ്യും. എൻെറ ഈ വാക്കുകളെ ആരെങ്കിലും വിശ്വസിക്കുന്നില്ലെങ്കിൽ, അവർ ഒന്നു പരീക്ഷിച്ചുനോക്കുന്നതിന്നായി ഞാൻ ദൈവസ്നേഹത്തെക്കുറിച്ച് അയാളോട് ഉപദേശിച്ചുകൊള്ളുന്നു. അപ്പോൾ ഈ പിതാവിൻെറ നേക്കുള്ള ഭക്തികൊണ്ടുളവാകുന്ന അനന്തഗുണഫലങ്ങളെ പരിചയത്താലെ അനുഭവിക്കുന്നതിനു അയാൾക്കു ഇടയാകും."

(തുടരും)

ഏരണക്കാട്ടു യൌസേപ്പു കത്തനാർ.

---

## ദിവ്യകാരുണ്യാത്ഭുതങ്ങൾ.

### ൧൱൩൫ മിലാൻ.

### പിശാചുകൾ വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്നു.

൧൨-ാം നൂററാണ്ടിൻെറ ഏകദേശം മദ്ധ്യത്തിൽ വിരുദ്ധപാപ്പായായ അനക്ലേത്തൂസിൻെറ ശീസ്മമൂലാന്തരം ഇത്താല്യായിൽ പല പട്ടണങ്ങളിലും പ്രത്യേകം മിലാൻപട്ടണത്തിലും വലിയ കുഴപ്പവും ഭിന്നിപ്പുമുണ്ടായിരുന്നു. ആകയാൽ അന്നു വിശുദ്ധ പത്രോസിൻെറ സിംഹാസനത്തിൽ വാണിരുന്ന രണ്ടാമത്തെ ഇന്നോച്ചെൻസ് മാർപ്പാപ്പാ പ്രസ്തുത കുഴപ്പങ്ങൾ തീൎക്കുന്നതിനായി, അക്കാലത്തിൽ പുണ്യംകൊണ്ടും ശാസ്ത്രംകൊണ്ടും സൂൎയ്യസമാനം പ്രശോഭിതനായിരുന്ന വിശുദ്ധ ബെൎണ്ണാദിനെ മിലാൻപട്ടണത്തിലേക്കു നിയോഗിച്ചു. ഈ മഹാത്മാവ് അവിടെ ചെന്നു ജനതതികളുടെയിടയിലുണ്ടായിരുന്ന ഭിന്നതികളെയെല്ലാം ദൂരീകരിച്ചുവരികയിൽ നരകശത്രുക്കളോടും പല പോരാട്ടങ്ങൾ നടത്തി വിജയം പ്രാപിക്കുന്നതിനു അവസരം ലഭിക്കയുണ്ടായി.

ഒരു ദിവസം പണ്ടു വിശുദ്ധ അഗുസ്തീനോസ് മാനസാന്തരപ്പെട്ട സ്ഥലമായ വിശുദ്ധ അമ്പ്രോസിൻെറ മഹാദേവാലയത്തിൽ ബെൎണ്ണാർദ്ദ പുണ്യവാൻ കുർബാന ചൊല്ലുന്നതിനായി ഒരുങ്ങുകയിൽ അവിടുത്തെ ഒരു മാന്യകുടുംബത്തിൽപെട്ട വയോവൃദ്ധയായ ഒരു സ്ത്രീയെ അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടുവന്നു. അവളെ പല വത്സരങ്ങളായി പിശാചു ബാധിച്ചിരിക്കയായിരുന്നു. പൈശാചികോപദ്രവം നിമിത്തം അവൾ ബധിരയും കുരുടിയും ഊമയും ആയിരുന്നു. ആരെയും ഭയപ്പെടുത്തത്തക്കതായിരുന്നു അവളുടെ പല്ലിറുമ്മലും വികൃതമായി കോടിയിരുന്ന മുഖഭാവവും. കൺമിഴികൾ പുറത്തേയ്ക്കു ഉന്തിയാണ് നിന്നിരുന്നത്. അവളുടെ ദുൎഗ്ഗന്ധസമ്മിശ്രമായ ഉച്ഛ്വാസം നരകാരൂപിയുടെ സാന്നിധ്യത്തെ ലക്ഷീകരിക്കുകയും ചെയ്തു. വിശുദ്ധ ബെൎണ്ണാർദ്ദ് ഈ ദുർഭഗയായ സ്ത്രീയെ പരിശോധിച്ചതിൽ, പിശാച് അവളിൽ വളരെ ഉറപ്പോടെ കുടികൊണ്ടിട്ടുണ്ടെന്നും അവളും പിശാചും മിക്കവാറും ഏകീഭവിച്ചിരിക്കയാണെന്നും തന്നിമിത്തം ഇത്ര ദീൎഘകാലമായി അധിവസിച്ചിരുന്ന ഒരു ഭവനത്തിൽനിന്നു അവൻ അത്ര എളുപ്പത്തിൽ ഇറങ്ങുന്നതല്ലെന്നും പുണ്യവാൻ മനസ്സിലാക്കി. അതിൻെറ ശേഷം ഈ വിശുദ്ധൻ പള്ളിയിൽ തിങ്ങിനിന്നിരുന്ന ജനക്കൂട്ടത്തിൻെറനേരെ തിരിഞ്ഞ്, എല്ലാവരും ഈ ദുർഭാഗ്യപ്പെട്ടവൾക്കുവേണ്ടി എരിവോടെ പ്രാൎത്ഥിക്കണമെന്നാജ്ഞാപിച്ചു. അപ്പോൾ ബലിപീഠത്തിനുചുററും നിന്നിരുന്ന വൈദികന്മാരാലുംസന്യാസികളാലും ആവൃതനായി നില്ക്കയിൽ ആ സ്ത്രീയെ തൻെറ അടുക്കൽ കൊണ്ടുവന്ന്, ബലമായി പിടിച്ചു നിറുത്തുന്നതിനു വിശുദ്ധൻ കല്പിച്ചാറെ, അവൾ അതിമാനുഷികവും പൈശാചികവുമായ ശക്തിപൂണ്ടു വളരെ വില്ലങ്കിക്കയും ഓരോ ഭയങ്കരമായ ഗോഷ്ഠി കാണിക്കയും അലറി നിലവിളിക്കുകയും ആ പുണ്യവാൻെറ കാലിന്നു അടിക്കുക ക്രൂടി ചെയ്കയും ചെയ്തിരുന്നു. എങ്കിലും ഈ

വിശുദ്ധൻ പിശാചിന്റെ ഈ ധാർഷ്ട്യങ്ങളൊന്നും അശേഷം ക്രട്ടാക്കാതെ, നല്ല ശാന്തതയോടുകൂടി ദിവ്യപൂജ അൎപ്പിക്കാനാരംഭിച്ചു. എന്നാൽ പൂജയുടെയിടയ്ക്കു ബലിസാധനങ്ങളിന്മേൽ സ്ലീവായുടെ അടയാളം വരയ്ക്കുമ്പോഴൊക്കെയും പിശാചിനാൽ ബാധിതയായ സ്ത്രീയുടെനേരെ തിരിഞ്ഞു അതേ കൃത്യം തന്നെ ചെയ്യുകയും ഇങ്ങനെ ആ ദുഷ്ടാരൂപിയോടു ഓരോ സമരം നടത്തുകയും ചെയ്തിരുന്നു. ഈ ശക്തിമത്തായ പോരാട്ടം അവന്നു എത്രയോ ദുസ്സഹമായിരുന്നു എന്ന് അവന്റെ അതിയായ കോപവും അലൎച്ചയുംകൊണ്ടു പ്രത്യക്ഷപ്പെട്ടിരുന്നു.

വിശുദ്ധ ബെൎണ്ണാൎദ്ദ് ക്രദാശ ചെയ്തു "ആകാശങ്ങളിലിരിക്കുന്ന ജപം ചൊല്ലിക്കഴിഞ്ഞശേഷം, ദുഷ്ടശത്രുവിനോടു ഏററവും ഊൎജ്ജിതമായി പോരാടുന്നതിനു ഒരുങ്ങുകയായി. എങ്ങനെയെന്നാൽ നമ്മുടെ കൎത്താവിന്റെ തിരുശരീരം പീലാസായിൽവച്ച്, ആ സ്ത്രീയുടെ തലയ്ക്കുമീതെ പിടിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു. ദുഷ്ടാരൂപി! നോക്കുക; ഇതാ നിന്റെ വിധിയാളൻ. ഇതാ സൎവ്വശക്തനായ ദൈവം! നിനക്കു കഴിയുമെങ്കിൽ, ഇപ്പോൾ എതൃത്തുനിൽക്കുക. അവിടുന്നു ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി മരിക്കാൻപോകയിൽ, "ഈലോകാധിപൻ അവന്റെ രാജ്യത്തിൽനിന്ന് ബഹിഷ്കൃതനാകുന്നതിനുള്ള സമയം വന്നിരിക്കുന്നു" എന്നരുളിച്ചെയ്തു ആ കൎത്താവിനോടു എതൃപ്പാൻ നിനക്കു തുനിവുണ്ടെങ്കിൽ, എതൃത്തുനിന്നുകൊള്ളുക: ഇതാ! ഒരു കന്യകയുടെ ഉദരത്തിൽ ഉരുവാക്കപ്പെടുകയും സ്ലീവായിൽ പതിക്കപ്പെടുകയും കല്ലറയിൽ അടക്കപ്പെടുകയും ഉത്ഥാനം വഴിയായി മരണത്തെ ജയിക്കുകയും ഒടുവിൽ ശിഷ്യഗണത്തിന്റെ മുമ്പാകെ സാഘോഷം സ്വൎഗ്ഗത്തിലേക്കു കരേറുകയും ചെയ്തു ആരാധനീയമായ തിരുശരീരം!! ഇതാ! ഈ ഭയങ്കരമായ ദൈവമഹത്വത്തിന്റെ അധികാരത്താൽ പിശാചേ! ഞാൻ നിന്നോടു കല്പിക്കുന്നു: ഈ ദൈവദാസിയുടെ ജഡത്തിൽനിന്നു നീ വിട്ടുമാറണം. ഇനി ഒരിക്കലും അതിലേക്കു പിന്തിരിയുകയുമരുത്"

പിശാച് പുറപ്പെടുന്നതിനു നിർബന്ധിതനായിതീൎന്നെങ്കിലും തന്റെ പരാജയം സമ്മതിച്ചുപറയുന്നതിനു മുമ്പായി, അവന്റെ കോപോദ്രാന്തതയെ ഒന്നുകൂടെ പ്രദൎശിപ്പിക്കുന്നതിനും ആ സ്ത്രീയെ കൂടുതലായിവിഷമിപ്പിക്കുന്നതിനും ശ്രമിച്ചിരുന്നു. പുണ്യവാനായ സന്യാസശ്രേഷ്ഠനാവട്ടേ വിജയത്തിന്മേൽ ലേശവും സംശയിക്കാതെ വീണ്ടും അൾത്താരിയിങ്കൽ അടുത്ത് പൂജയെ പിൻതുടൎന്ന്, സഹായിച്ചിരുന്ന ആരുവട്ടക്കാരന് പതിവനുസരിച്ച്, സമാധാന ചുംബനം നൽകുകയും അയാൾ അതിൽ ക്രട്ടംമുഴവനേയും സംബന്ധിപ്പിക്കയും ചെയ്തു. അതേസമയംതന്നെ നരകശത്രു തേംററു കോപിതനായി അലറി നിലവിളിച്ചുകൊണ്ടു ഓടിപ്പോകയും ഇങ്ങനെ ആ സാധുവായ സ്ത്രീ സൌഖ്യവും സമാധാനവും പ്രാപിക്കയും ദിവ്യകാരുണ്യ ഈശോയുടെ അധികാരശക്തി പ്രത്യക്ഷമാകുകയും ചെയ്തു.

ഈ വിശുദ്ധൻതന്നെ വേറൊരിക്കൽ വിശുദ്ധ സീരുസിന്റെ ദേവാലയത്തിൽവച്ച് മഹാ കോപിയായ ഒരു പിശാചിനാൽ ബാധിക്കപ്പെട്ടിരുന്ന ഒരു ആളിനെ രക്ഷിക്കയുണ്ടായി. എങ്ങനെയെന്നാൽ, ആദ്യം പ്രസ്തുത ദേവാലയത്തിന്റെ മദ്ധ്യസ്ഥനായ സീരുസ് പുണ്യവാന്റെ തിരുശ്ശേഷിപ്പ് അയാളുടെ ദേഹത്തിൽ തൊടുവിച്ച് അദ്ദേഹത്തിന്റെ സഹായത്താൽ പിശാചിനെ ഒഴിക്കാൻ ശ്രമിക്കയിൽ ആ ദുഷ്ടാരൂപി ഇപ്രകാരം പറഞ്ഞു: "കൊച്ചുസിരുസ് ശ്രമിച്ചിട്ടു എന്നെ ഇവിടെനിന്നു ഓടിക്കാൻ സാധിച്ചിട്ടില്ല. പിന്നെയാണോ ബെൎണ്ണാൎദ്ദ് ഓടിക്കാൻവരുന്നതു്?" അപ്പോൾ വിശുദ്ധ ബെൎണ്ണാൎദ് "അതു് ശരിയാണ്. സീരുസിന്റെ തിരുശ്ശേഷിപ്പുകൾക്കും ബെൎണ്ണാൎദിനും അസാദ്ധ്യമായിരിക്കുന്നതു്, നിന്റെയും എന്റെയും നാഥനായ ഞങ്ങളുടെ കൎത്താവീശോ മ്ശിഹായിക്കു സാദ്ധ്യമാണ്. അങ്ങേ തിരുസന്നിധിയിൽനിന്നു നീ ദൂരെ പൊയ്ക്കൊള്ളുക" എന്നു പറഞ്ഞ ഉടനെ നരകശത്രു ഭയപ്പെട്ടു തൽക്ഷണം ഒഴിഞ്ഞുപോകയുംചെയ്തു. ദിവ്യകാരുണ്യ ഈശോ! എല്ലായ്പ്പോഴും എ

ല്ലായിടത്തും സ്തുതിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യട്ടെ!

ട്ടം. ട. ഫ

---

## ന. ക. കുരിശുമരണം

(വി. മത്തായി, ൨൭, ൩൧ – ൫൧.)

ഇപ്രകാരം അവർ അങ്ങേ പരിഹസിച്ചശേഷം അങ്ങേമേൽനിന്ന് ആ കുപ്പായം നീക്കി അങ്ങേ സ്വന്ത വസ്ത്രങ്ങളെ അങ്ങേ ഉടുപ്പിക്കയും കുരിശിന്മേൽ തറയ്ക്കുന്നതിന് അങ്ങേ കൂട്ടിക്കൊണ്ടു പോകയും ചെയ്തു.

എന്നാൽ അവർ പുറപ്പെട്ടു പോകയിൽ, ശിരേൻകാരനായ സീമോൻ എന്നു പേരുള്ള ഒരു മനുഷ്യനെ കണ്ടു: അങ്ങേ കുരിശു ചുമക്കുന്നതിനു ആയവർ അവനെ ബലാൽക്കാരം ചെയ്തു നിർബന്ധിച്ചു. പിന്നെ അവർ ഗൊൽഗൊത്താ അതായതു കപാലസ്ഥലം എന്ന് പറയപ്പെട്ട സ്ഥലത്തിലേക്കു വന്നു.

അപ്പോൾ അവർ കൈപ്പു കലത്തിയ ദ്രാക്ഷാരസം അങ്ങേക്കു കുടിപ്പാൻ കൊടുത്തു; എന്നാൽ അങ്ങുന്ന് അതു രസിച്ചാറെ, കുടിപ്പാൻ മനസ്സായില്ല.

എന്നാൽ അവർ അങ്ങേ കുരിശിൽ തറെച്ചശേഷം, അങ്ങേ വസ്ത്രങ്ങളെ ചീട്ടിയിട്ടു ഭാഗിച്ചു. ഇതു "അവർ എന്റെ വസ്ത്രങ്ങളെ തങ്ങൾക്കു ഭാഗിച്ചെടുക്കയും എന്റെ ഉടുപ്പിന്മേൽ ചീട്ടിയിടുകയും ചെയ്തു" എന്നു ദീർഘദർശിയാൽ ചൊല്ലപ്പെട്ടതു നിവൃത്തിയാകേണ്ടതിന്നു ആയിരുന്നു.

പിന്നെ അവർ ഇരുന്നുകൊണ്ടു അങ്ങേ കാത്തിരുന്നു. ഇവൻ യൂദന്മാരുടെ രാജാവായ ഈശോയാകുന്നു എന്ന് അങ്ങേ കുററസംഗതിയും എഴുതി അവർ അങ്ങേ തലയ്ക്കുമേലെ വെച്ചു.

അപ്പോൾ അങ്ങേയോടുകൂടെ രണ്ടു കള്ളന്മാരും, ഒരുത്തൻ വലത്തുഭാഗത്തും, ഒരുത്തൻ ഇടത്തുഭാഗത്തും ആയി കുരിശിൽ തറയ്ക്കപ്പെട്ടു.

കടന്നുപോയവരൊ, തങ്ങളുടെ തലകളെ കുലുക്കി അങ്ങേ ദുഷിച്ചുകൊണ്ട്, ഹാ, ദേവാലയത്തെ ഇടിച്ചുകളകയും, മൂന്നു ദിവസംകൊണ്ട് അതു വീണ്ടും പണിയുകയും ചെയ്യുന്നവനെ, നിന്നെത്തന്നെ നീ രക്ഷിക്ക; നീ ദൈവപുത്രനാകുന്നെങ്കിൽ കുരിശിൽനിന്ന് ഇറങ്ങി വാ എന്നു പറഞ്ഞിരുന്നു.

ഇപ്രകാരംതന്നെ പ്രധാനാചാര്യന്മാരും, ഉപാദ്ധ്യായന്മാരോടും പ്രമാണികളോടുംകൂടെ പരിഹസിച്ചു പറഞ്ഞിരുന്നതായതു: ഇവൻ മററുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ കഴിയുന്നില്ല; ഇസ്രായേലിന്റെ രാജാവാകുന്നെങ്കിൽ ഇപ്പോൾ കുരിശിൽനിന്ന് ഇറങ്ങിവരട്ടെ. എന്നാൽ ഞങ്ങൾ അവനെ വിശ്വസിക്കാം.

ഇവൻ ദൈവത്തിങ്കൽ ആശ്രയിച്ചു; അങ്ങുന്ന് ഇവനെ സ്നേഹിക്കുന്നെങ്കിൽ ഇപ്പോൾ ഇവനെ രക്ഷിക്കട്ടെ; എന്തുകൊണ്ടെന്നാൽ ഞാൻ ദൈവത്തിന്റെ പുത്രനാകുന്നുവെന്ന് ഇവൻ പറഞ്ഞിട്ടുണ്ട്. എന്നാൽ അങ്ങേയോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളന്മാരും ഇതുതന്നെ അങ്ങേ ദുഷിച്ചു പറഞ്ഞിരുന്നു. അപ്പോൾ ആറാംമണി മുതൽ ഒമ്പതാം മണിവരെ ഭൂമിയിൽ എങ്ങും അന്ധകാരമുണ്ടായി.

പിന്നെ ഏകദേശം ഒമ്പതാം മണിക്ക് ഈശോ വലിയ സ്വരത്തിൽ നിലവിളിച്ചു. ഏലി, ഏലി ലാമ്മാ സബക്താനി? അതായതു്, എന്റെ ദൈവമെ, എന്റെ ദൈവമെ എന്തുകൊണ്ടു നീ എന്നെ കൈവിട്ടു? എന്ന് അരുളിച്ചെയ്തു.

എന്നാൽ അവിടെ നിന്നിരുന്ന ചിലർ അതു കേട്ടു: ഇവൻ ഏലിയാസിനെ വിളിക്കുന്നു എന്നു പറഞ്ഞിരുന്നു.

ഉടനെ അവരിൽ ഒരുത്തൻ ഓടി, നീർപ്പഞ്ഞി എടുത്തു ചൊക്ക നിറെച്ചു, ഒരു ഞാങ്ങണമേൽ വെച്ചു, അങ്ങേക്കു കുടിപ്പാൻ കൊടുത്തിരുന്നു. എന്നാറെ ശേഷംപേർ: നില്ക്കു, ഏലിയാസ് അവനെ രക്ഷിപ്പാൻ വരുമോ എന്നു നമുക്കു കാണാം എന്നു പറഞ്ഞിരുന്നു.

എന്നാൽ ഈശോ വീണ്ടും വലിയ സ്വരത്തിൽ നിലവിളിച്ചു, ജീവൻ വിട്ടു.

അപ്പോൾ ഇതാ ദേവാലയത്തിന്റെ തിരശ്ശീല മേലിൽനിന്നു കീഴോളം രണ്ടായി കീറിപ്പോയി. ഭൂമി ഇളകുകയും പാ

റകൾ പിളൎന്നുപോകയും ചെയ്തു.

കല്ലറകൾ തുറക്കപ്പെടുകയും മരണനിദ്ര പ്രാപിച്ചിരുന്ന വിശുദ്ധരുടെ അനേക ശരീരങ്ങൾ എഴുന്നേല്ക്കുകയുംചെയ്തു

## പാപസങ്കീൎത്തനവും ദിവ്യകാരുണ്യവും.

(തുടൎച്ച.)

### പ്രായശ്ചിത്തം.

നല്ല കുമ്പസാരത്തിൻെറ നാലാമത്തെ ലക്ഷണം പട്ടക്കാരൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നതിനുള്ള ഒരുക്കം ആണെല്ലൊ. കുമ്പസാരമെന്ന ക്രൂദാശയുടെ ശക്തിയാലെ പാപവും നിത്യശിക്ഷയും മോചിക്കപ്പെടുന്നു. അനിത്യശിക്ഷയ്ക്കു ഏറിയക്രുറും മോചനം ലഭിക്കുന്നില്ല. അതു പരിഹരിക്കപ്പെടേണ്ടതായി കിടക്കുന്നേയുള്ളു. എന്തുകൊണ്ടെന്നാൽ പാപിയുടെ പ്രായശ്ചിത്തപ്രവൃത്തിയാലെ പാപത്തിൻെറയും പിശാചിൻെറയും അടിമയിൽനിന്നു ദൈവാനുഗ്രഹത്താൽ സ്വതന്ത്രനായശേഷം പാപി മനോസമ്മതത്തോടെ ദൈവേഷ്ടപ്രസാദം നഷ്ടമാക്കുകയും റൂഹാദക്കുദ്ശായുടെ ആലയമായ ആത്മാവിനെ അശുദ്ധമാക്കുകയും ചെയ്യുന്നു. ദൈവം ഇപ്രകാരം പ്രായശ്ചിത്തം നമ്മിൽ നിന്നാവശ്യപ്പെടുന്നതു പാപം സാരമില്ലെന്നു കരുതി, ദൈവത്തോടുള്ള ധിക്കാരത്താൽ ചാവുദോഷങ്ങളിലുൾപ്പെട്ടു വിധിദിവസത്തിൽ തൻെറ കോപാഗ്നിക്കിരയാകാതിരിപ്പാൻവേണ്ടിയത്രേ. മനസ്സാപപ്പെടുന്ന പാപിയോടു ദൈവം അവൻെറ പാപങ്ങൾ പൊറുക്കുന്നു. എങ്കിലും പാപത്തിനു തക്ക പ്രായശ്ചിത്തം ചെയ്യണമെന്നുള്ള അവിടുത്തെ നിശ്ചയം വേദപുസ്തകത്തിലെ പല ദൃഷ്ടാന്തങ്ങളിൽനിന്നും തെളിയുന്നുണ്ട്. ആദം ദൈവകല്പനയെ ലംഘിച്ചശേഷം മനസ്സാപപ്പെട്ടതുകൊണ്ടു ദൈവേഷ്ടനായി. എങ്കിലും "ദീൎഘകാലത്തേക്കു ഇഹലോകത്തിൽ പ്രായശ്ചിത്തം ചെയ്യേണ്ടിവന്നു. മൂശയും അഹറോനും അവിശ്വാസികളായിത്തീൎന്നശേഷം മനസ്സപിച്ചതുകൊണ്ടു അവരുടെ പാപം അവരോടു പൊറുക്കപ്പെട്ടു. എങ്കിലും പ്രായശ്ചിത്തമായിട്ടു പറഞ്ഞൊപ്പിൻെറ നാട്ടിൽ പ്രവേശിക്കുന്നതിനു ദൈവം അവൎക്കനുവദിച്ചില്ല. ദാവീദ്, വ്യഭിചാരം നരഹത്തി എന്ന ഇരു കുററങ്ങളിൽ വീണശേഷം മനസ്സാപത്തോടെ ദൈവത്തോടു പൊറുതിയപേക്ഷിച്ചതിനാൽ ദൈവം അയാൾക്കു പാപമോചനം നൽകിയതു തക്ക പരിഹാരം ചെയ്യണമെന്നുള്ള നിശ്ചയത്തോടുക്രുടിയായിരുന്നു.

പ്രായശ്ചിത്ത പ്രവൃത്തികൾ പാപത്തിൽനിന്നു നമ്മെയകററുകയും മേലാൽ സൂക്ഷമുള്ളവരും ഭയമുള്ളവരുമാക്കിത്തീൎക്കുകയും ചെയ്യുന്നു. പാപാവശിഷ്ടങ്ങളെ അവ സുഖപ്പെടുത്തുകയും അധൎമ്മജീവിതം കഴിച്ചുകൊണ്ടു ഓരോരുത്തൻ സമ്പാദിച്ചിട്ടുള്ള ചീത്തത്തഴക്കങ്ങളെ നിൎമ്മൂലമാക്കുകയും ചെയ്യുന്നു. ദൈവശിക്ഷയെ നീക്കുന്നതിനു മനസ്സാപസമ്മിശ്രമായ പ്രായശ്ചിത്ത പ്രവൃത്തികളെക്കാൾ നല്ലമാൎഗ്ഗമില്ല. ഇപ്രകാരം പ്രായശ്ചിത്ത ബോധത്തോടെ കഷ്ടതകളെ സഹിക്കുമ്പോൾ നമ്മുടെ പാപങ്ങൾക്കായി പരിഹാരം ചെയ്ത മ്ശിഹായോടു നാം തുല്യതയുള്ളവരാകുകയും, കൎത്താവിനോടുക്രുടെ കഷ്ടപ്പെടുന്നെങ്കിൽ അദ്ദേഹത്തോടുക്രുടെ മഹത്വപ്പെടുകയും ചെയ്യും. എങ്കിലും നാം ചെയ്യുന്ന പ്രായശ്ചിത്തങ്ങൾ, മിശിഹാവഴിയായിട്ടത്രെ നമ്മുടെ പാപങ്ങൾക്ക് പരിഹാരമാകുന്നത്. സ്വശക്തിയാലെ യാതൊന്നും സാദ്ധ്യമല്ലാത്ത നമുക്കു മിശിഹായോടുക്രുടെ സമസ്തവും സാദ്ധ്യമാകുന്നു. ആകയാൽ മനുഷ്യനു പ്രശംസിക്കത്തക്കതായി യാതൊന്നും ഇല്ല. പിന്നയൊ നമ്മുടെ പ്രശംസമുഴുവനും "മ്ശിഹായിൽ ആകുന്നു. "അദ്ദേഹത്തിൽ നാം ജീവിക്കയും അദ്ദേഹത്തിൽ നാം മരിക്കയും അദ്ദേഹം വഴിയായി പ്രായശ്ചിത്തത്തിൻെറ യോഗ്യതാഫലങ്ങൾ നാം പുറപ്പെടുവിക്കയും ചെയ്യുന്നു. പ്രായശ്ചിത്തത്തിൻെറ പരിഹാരശക്തി മ്ശിഹായിൽ നിന്നാകുന്നു. "അവിടുന്നു

അവ പിതാവിനു കാഴ്ചവയ്ക്കുകയും അദ്ദേഹം വഴിയായി പിതാവ് അവയെ സ്വീകരിക്കയും ചെയ്യുന്നു.

തിരുസഭയുടെ ആദ്യ യുഗങ്ങളിൽ പ്രസിദ്ധമായി കുററം ഏററു പറകയും പ്രസിദ്ധമായി പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കയും ചെയ്തിരുന്നു. കിഴക്കും പടിഞ്ഞാറുമുള്ള സഭകളിലെ പാപസങ്കീത്തനപുസ്തകങ്ങളിൽനിന്നു, അന്നു പാപത്തിൽ വീഴുന്നവർ എത്ര കഠിനപ്രായശ്ചിത്തം ചെയ്തിരുന്നു എന്നു തെളിവാകുന്നു. കൊസ്തന്തീനോപ്പോലിസ് മെത്രാപ്പോലീത്തായായ യോഹന്നാൻ യെയുനാത്തോസെന്നദേഹംഅദ്ദേഹത്തിൻെറ പാപസങ്കീത്തനപുസ്തകത്തിൽ പാപികൾ അനുഷ്ഠിക്കമാറായിരുന്ന ചില പ്രായശ്ചിത്ത പ്രവൃത്തികളെ ഇപ്രകാരം വിവരിക്കുന്നു: തിങ്കൾ, ബുധൻ, വെള്ളി എന്ന ദിവസങ്ങളിൽ എണ്ണ കുടിക്കയും പയറും ചീരയും മാത്രം ഭക്ഷിക്കയും ചെയ്തിരുന്നു. മുട്ട, പാൽ, മാംസം, മത്സ്യം മുതലായവയെ ഉപേക്ഷിച്ചിരുന്നു. ചൊവ്വാഴ്ചയും, വ്യാഴാഴ്ചയും മാത്രം മാംസമൊഴികെ മററെല്ലാ സാധനങ്ങളും ഒരോരുത്തൻെറ ഇഷ്ടംപോലെ ഭക്ഷിപ്പാൻ അനുവദിച്ചിരുന്നു.

പടിഞ്ഞാറെ സഭയിൽ അനുഷ്ഠിച്ചുപോന്നിരുന്ന പ്രായശ്ചിത്തപ്രവൃത്തികളാണ് താഴെ കാണുന്നത്. നരഹത്തി ചെയ്യുവൻ മൂന്നു വഷം പ്രായശ്ചിത്തം എടുത്തിരുന്നു. അവയിൽ ഒരു വഷം അപ്പവും വെള്ളവുമായിട്ടാണ് കഴിച്ചുകൂട്ടേണ്ടിയിരുന്നത് കള്ളസ്സത്യം ചെയ്യുവന് മൂന്നുവഷത്തേയും മന്ത്രവാദിക്ക് ഏഴുവഷത്തേയും പ്രായശ്ചിത്തമുണ്ടായിരുന്നു. ഒടുവിൽ പറയപ്പെട്ടവൻ മൂന്നുവഷം അപ്പവും വെള്ളവും മാത്രം കഴിച്ചു ഉപവസിക്കേണ്ടിയുമിരുന്നു. മദ്യപാനികൾ നാല്പതു ദിവസം പ്രായശ്ചിത്തം ചെയ്തിരുന്നു. മൂന്നാം ശതാബ്ദത്തിൽ ചിററാസ്യായിലെ പള്ളികളിൽ മൂന്നുതരം പ്രായശ്ചിത്തക്കാർ ഉണ്ടായിരുന്നു. കേൾവിക്കാർ എന്നായിരുന്നു ഒന്നാം തരത്തിൽപെട്ടവരുടെപേർ. അവർ പള്ളിയുടെ പൂമുഖത്തുനിന്നുകൊണ്ടു വേദപുസ്തകവായനയും പ്രസംഗവും കേട്ടിരുന്നു. ദിവ്യപൂജയിൽ സംബന്ധിക്കുന്നതിനു അവക്കനുവാദമില്ലായിരുന്നു. 'സാഷ്ടാംഗംവീണിരുന്നവർ' എന്നായിരുന്നു രണ്ടാംതരത്തിൽപെട്ടവരുടെനാമം. അവക്കുദൈവാലയത്തിൽപ്രവേശിക്കുന്നതിനും ദിവ്യപൂജ കാണുന്നതിനും അനുവാദം ഉണ്ടായിരുന്നു. എന്നാൽ അവർ ദിവ്യപൂജനേരത്തു സാഷ്ടാംഗം വീണുകിടക്കണം എന്നായിരുന്നു പ്രമാണം. മൂന്നാം തരത്തിൽ പെട്ടവരെ നില്ക്കുന്നവർ എന്നു പറഞ്ഞുവന്നിരുന്നു. അവർ ശേഷം വിശ്വാസികളോടൊരുമിച്ചു നിന്നുകൊണ്ടു ദിവ്യപൂജയ്ക്കുകൂടിയിരുന്നു. എന്നാൽ അവക്കു ദിവ്യകാരുണ്യസ്വീകരണം അനുവദിക്കപ്പെട്ടിരുന്നില്ല. നാലാം ശതാബ്ദത്തിൽ പ്രലാപകന്മാർ എന്നൊരു തരക്കാരും ഉണ്ടായിരുന്നു. അവർ 'സാക്ക്' വസ്ത്രം ധരിച്ചുകൊണ്ടും ചാരം പൂശിക്കൊണ്ടും ദൈവാലയത്തിൻെറ പ്രവേശനദ്വാരത്തിങ്കൽ നിന്നു വിശ്വാസികളോടു തങ്ങൾക്കുവേണ്ടിയപേക്ഷിക്കേണം എന്നു യാചിച്ചിരുന്നു.

എന്നാൽ ഇപ്പോൾ പ്രധാനമായി നടത്തിവരുന്ന പ്രായശ്ചിത്ത പ്രവൃത്തികൾ ദാനധമ്മവും, ഉപവാസവും, പ്രാത്ഥനയും ആകുന്നു. പാപം വഴിയായി നാം ദൈവത്തിൻെറ ബഹുമാനത്തേയും മഹിമയേയും അപഹരിച്ചെടുക്കയത്രെ ചെയ്യുന്നത്. അതിനു പരിഹാരമായി നമ്മുടെ അധീനത്തിൽ ഇരിക്കുന്നവയുടെ നഷ്ടം സഹിക്കുന്നതു ന്യായം തന്നെ. ഇങ്ങനെ ദാനധമ്മംകൊണ്ടു നമ്മുടെ സമ്പത്തിൻെറ നഷ്ടവും ഉപവാസംകൊണ്ടു ശരീരസുഖങ്ങളുടെ നഷ്ടവും പ്രാത്ഥനമൂലം നമ്മുടെ ആത്മശക്തികളെ ദൈവത്തിനു കീഴ്പെടുത്തിക്കൊണ്ടു തൽസംബന്ധമായ ഒരു നഷ്ടവുമാണ് നാം സഹിക്കുന്നത്. കൂടാതെയും ദൈവം നമുക്കു യാത്രയാക്കുന്ന ഓരോ ദുഃഖാരിഷ്ടതകൾ നമ്മുടെ പാപപ്പരിഹാരത്തിനേററം ഉതകുന്നവകളാകുന്നു. ഏതുവിധത്തിലെങ്കിലും നമ്മുടെ പാപത്തിനു പരിഹാരം ചെയ്യേ മതിയാവൂ.

## ചോദ്യ മാല.

ചോദ്യം— പരിശുദ്ധ ദൈവജനനിക്കു നാം ചെയ്യുന്ന വണക്കത്തെപ്പററി അധിക്ഷേപിക്കുന്ന ഒരു പ്രോട്ടസ്റ്റണ്ടു സ്നേഹിതനോടു എന്തു പ്രത്യുത്തരമാണു നാം പറയേണ്ടതു്?

ഉത്തരം— കത്തോലിക്കാ തിരുസഭയിൽ പരിശുദ്ധ മറിയത്തിന്നു ചെയ്യുന്ന വണക്കം അതിഗണനീയമായതെങ്കിലും അതു് Hyper dulia (അതിവണക്കം) എന്നു പറയപ്പെടുന്ന ഒരു വണക്കം മാത്രമെ ആകുന്നുള്ളു. ഇതും ദൈവത്തിനുചെയ്യപ്പെടുന്ന Latria എന്ന ആരാധനയും തമ്മിൽ അളവററ വ്യത്യാസമുണ്ടു്.

Latria എന്നു പറയപ്പെടുന്ന ആരാധനയാൽ ദൈവം സൎവ്വത്തിൻെറയും സ്രഷ്ടാവും നാഥനുമാകുന്നു എന്നു നാം സമ്മതിച്ചു പറയുന്നു. Hyper dulia എന്ന പദം നിർദ്ദേശിക്കുന്നതുപോലെ നാം ദൈവമാതാവിനെ മനുഷ്യാവതാരംചെയ്തു ദൈവപുത്രൻെറ ജനനിയായി വണങ്ങുക മാത്രമെ ചെയ്യുന്നുള്ളു; ആരാധിക്കുന്നില്ല. സൃഷ്ടങ്ങളും സ്രഷ്ടാവും തമ്മിലും അപരിമിതവും പരിമിതവും തമ്മിലും എന്തു വ്യത്യാസമുണ്ടോ അതേ വ്യത്യാസംതന്നെ ദൈവാരാധനയും ദൈവമാതൃവണക്കവും തമ്മിലുണ്ടു്.

പരിശുദ്ധ ദൈവജനനിയുടെ നേക്കുള്ള ഭക്തി തിരുസഭയുടെ ശൈശവ ദശയിൽതന്നെ ശോഭിച്ചു കൊണ്ടിരുന്നിട്ടുള്ളതാകുന്നു. ഇതു് ഒരു നവീനഭക്തിയല്ല. വേദവൈരികളുടെ കൈകളിൽ നിന്നു പൂൎവ്വ ക്രിസ്ത്യാനികൾ ഓടി അഭയം പ്രാപിച്ചിരുന്ന റോമ്മായിലെ അന്തർഗ്ഗഹകൾ ഈ സംഗതിയുടെ യാഥാൎത്ഥ്യത്തെ ഇന്നും സ്ഥിരീകരിക്കുന്നുണ്ടു്. പരിശുദ്ധ കന്യക ദൈവത്തിൻെറ തൃക്കൈകളിൽ നിന്നു പുറപ്പെട്ടിട്ടുള്ള അത്യുന്നതവും അതിവിശിഷ്ടവുമായ ഒരു സൃഷ്ടിയെങ്കിലും സ്രഷ്ടാവിൻെറ ഒരു യോഗ്യതയും മറിയത്തിനില്ലാത്തതാകുന്നു. അതുകൊണ്ടു ആ നിലയിൽ മാത്രമെ നാം അവളെ കൊണ്ടാടുന്നുള്ളു. അവൾ സൃഷ്ടങ്ങളിൽവച്ചു ഏററം അധികമായി ദൈവത്തോടു സാമീപ്യം പ്രാപിച്ചിരിക്കുന്നതിനാൽ ശേഷമെല്ലാവരെക്കാൾ നമ്മുടെ യാചനകളെ നിറവേററിത്തരുവാൻ ശക്തയാകയാലത്രെ നാം അവളോടു പ്രാൎത്ഥിക്കുന്നതു്. ഇതത്രെ തിരുസഭയുടെ സാക്ഷാലുള്ള ബോധം.

ചോ— തിരുകൎമ്മവസ്ത്രങ്ങളുടെ നിറങ്ങൾ ഏവ? അവകളാൽ എന്തു സൂചിപ്പിക്കപ്പെടുന്നു?

ഉ— തിരുകൎമ്മ വസ്ത്രങ്ങളുടെ നിറങ്ങൾ വെള്ള, ചുവപ്പു്, പച്ച, റോയിസ്സ്, കറുപ്പു ഇങ്ങനെ അഞ്ചാകുന്നു. വെള്ളനിറം കളങ്കമില്ലായ്മയെ സൂചിപ്പിക്കുന്നു. ഇതു് നമ്മുടെ കൎത്താവിൻെറയും പരിശുദ്ധ ജനനിയുടേയും ഏതാനും ചില വിശുദ്ധന്മാരുടെയും തിരുനാളുകളിൽ ഉപയോഗിക്കപ്പെടുന്നു. ചുവപ്പു് സ്നേഹത്തിൻെറ അടയാളമാകുന്നു. റൂഹാ ദ്ക്കുദശാതമ്പുരാൻെറയും, രക്തസാക്ഷികളുടെയും തിരുനാളുകളിലാകുന്നു ഇതിൻെറ ഉപയോഗം. പച്ച ശരണത്തെ കുറിക്കുന്നു. ഈ നിറം, മററു നിറങ്ങൾ ആവശ്യപ്പെടുന്ന തിരുനാൾ വരാത്ത പക്ഷം ദനഹാ മുതൽ പന്തക്കുസ്താ വരെയുള്ള എല്ലാ ഞായറാഴ്ചകളിലും ഉപയോഗിക്കുന്നു. റോയിസ്സ് തപസ്സിനെ ലക്ഷീകരിക്കുന്നു. ആഗമനകാലത്തിലും വലിയ നോമ്പിൻെറ ദിവസങ്ങളിലുമാണു ഇതിൻെറ ഉപയോഗം. കറുപ്പു് ദുഃഖത്തെ കാണിക്കുന്നു. ആയതിനാൽ ഏററവും വലിയ ദുഃഖത്തിൻെറ ദിവസമാകുന്ന ദുഃഖവെള്ളിയാഴ്ചയും, മരിച്ചവരുടെ ആത്മാനുകൂലാൎത്ഥം ചെയ്യപ്പെടുന്ന തിരുകൎമ്മങ്ങളിലുമാണു് ഇതിൻെറ ഉപയോഗം.

ദിവ്യ പൂജ സമൎപ്പിക്കുകയിൽ പട്ടക്കാരൻ ധരിക്കുന്ന വസ്ത്രങ്ങളെ ഓരോന്നിനേയും സൂക്ഷിക്കുന്ന പക്ഷം, ശിരോവസ്ത്രം അഥവാ തലമുണ്ടു് പൈശാചിക തന്ത്രങ്ങളോടു എതിൎക്കുന്നതിനുള്ള ഒരുക്കത്തേയും, "ആൾബ" അഥവാ വെള്ള അങ്കി കുററമില്ലായ്മയേയും, കൈയ്യുറാല തപസ്സിനേയും, നെടിയ ഊറാല മരണമില്ലായ്മയേയും, അരക്കെട്ടു് സ്നേഹത്തേയും, കുബ്ബാനക്കുപ്പായം ന. കൎത്താവു് നമ്മുടെ മേൽ ചുമത്തിയിരിക്കുന്ന ലഘുവായ ചുമടിനെ സസന്തോഷം വഹി

പ്പാൻ നമ്മെ പ്രേരിപ്പിക്കുന്ന സ്നേഹത്തേയും സൂചിപ്പിക്കുന്നു.

ചോ— ലിംബൊ അഥവാ ഇരുട്ടു കുഴിയെന്നു പറയപ്പെടുന്ന സ്ഥലം എവിടെ? ഇതും ശുദ്ധീകരസ്ഥലവും തമ്മിൽ വല്ല വ്യത്യാസമുണ്ടോ?

ഉ— ന. കർത്താവീശോമ്ശിഹായുടെ മരണത്തിനു മുമ്പായി മരണം പ്രാപിച്ച നീതിമാന്മാർ വസിച്ചിരുന്ന സ്ഥലത്തിനത്രെ ലിംബൊ എന്നു പറയപ്പെടുന്നതു്. ഇതിൽ വസിച്ചിരുന്ന ആത്മാവുകൾ ദൈവസന്നിധാനത്തെ അനുഭവിച്ചിരുന്നില്ലെങ്കിലും അവക്കു ഒരുവക കഷ്ടപ്പാടും ദുഃഖവുമുണ്ടായിരുന്നില്ല. ഈ വിഷയത്തിൽ ഈ സ്ഥലം ശുദ്ധീകരസ്ഥലത്തിൽനിന്നും വ്യത്യസ്തമാണ്. പ്രസ്തുത സ്ഥലം ഭൂമിയുടെ അന്തർഭാഗത്തെവിടെയൊ ആണെന്നാണു പൊതുവിശ്വാസം.

ടി. ഠാ.

# വിശുദ്ധ ചെച്ചീലിയാ.

(തുടർച്ച)

യൂറോപ്പിന്റെ അന്നത്തെ സ്ഥിതി, തിരുസഭയ്ക്കും പരിശുദ്ധ പിതാവിനും ആപൽക്കരമായ ഒന്നായിരുന്നു. കാൽവിന്റെ മതം ഫ്രാൻസിൽ മുഴുവൻ വ്യാപിച്ചു; അതിന്റെ അസാധാരണമായ ഭക്തിഹീനതയിൽ ഫ്രാൻസ് മുന്നിട്ടുനിന്നു. ഇംഗ്ലണ്ട്, ഹോളണ്ട്, സ്കാൻഡിനേവിയാ, ജർമ്മനിയുടെ ചില ഭാഗങ്ങൾ എന്നിങ്ങനെ പലേടങ്ങളിലും വിശ്വാസം തീരെ നശിക്കുകയും, ജനങ്ങൾക്കു സത്യവിശ്വാസത്തോടു നിസ്സീമമായ വൈരം ജനിക്കുകയും ചെയ്തു. വിശുദ്ധ ശരീരങ്ങളേയും മററു തിരുശകലങ്ങളേയും ഈ ഖലന്മാർ പെരുവഴികളിൽ വിതറിയിരുന്നു. 'സെൻസി' ഭയങ്കരകൃത്യം നടന്നിട്ടു മാസങ്ങൾ രണ്ടുതന്നെ ആയില്ല. ഇങ്ങനെയെല്ലാമായിരുന്നിട്ടും, വിശുദ്ധ ചെച്ചീലിയായുടെ ശരീരം കണ്ടുകിട്ടിയതിൽ ജനങ്ങൾക്കുണ്ടായ സന്തോഷം അപരിമിതമായിരുന്നു. "ധീരനും സ്ഥിരനും" ആയ ക്ലെമെൻറു മാപ്പാപ്പാ തന്നെയും ഈ കാഴ്ചയിൽ ക്ഷോഭ്യനാവാതിരുന്നില്ല; അശ്രുകണങ്ങൾ അദ്ദേഹത്തിന്റെ ഉച്ചാരണശക്തിയെ നിരോധിച്ചു. പോൾ കർദ്ദിനാൾതന്നെ ആളുകളുടെ തിക്കലിലുൾപ്പെട്ടു ഞെരുങ്ങുമെന്നു കണ്ടതിനാൽ, പരിശുദ്ധ പിതാവിന്റെ കാവൽ സൈന്യത്തെ സമാധാനപാലനത്തിനായി അവിടെ സ്ഥാപിച്ചു. ദൈവത്തിനിഷ്ടമായിരിക്കുന്നവയെക്കുറിച്ചു നമ്മുടെ മുൻഗാമികൾക്കുണ്ടായിരുന്ന സ്നേഹം ഇത്രയധികമായിരുന്നു.

തിരുശരീരത്തിൽ ഇട്ടിരുന്ന മൂടുപടംപോലും ഒരുത്തരും തൊടരുതെന്ന് ക്ലെമെൻറു മാപ്പാപ്പാ കല്പിക്കുകയും, കാൽച്ചുവട്ടിലിരുന്ന രക്തം പുരണ്ട വസ്ത്രഭാണ്ഡം എടുത്തു യോഗ്യതയുള്ളവക്കു വീതിച്ചു കൊടുക്കുന്നതിനാജ്ഞാപിക്കുകയും ചെയ്തു. ഒരു ചെറിയ കഷണം നീക്കി, മിച്ചമുണ്ടായിരുന്നതു മുഴുവൻ ജനങ്ങൾക്കു തന്നെ കൊടുത്തു. ആ ഘാതകന്റെ മഴുകൊണ്ടു മുറിഞ്ഞ കഴുത്തു വച്ചുകെട്ടുന്നതിനാരൊ ശ്രമിച്ചപ്പോൾ പുറത്തു വീണതായ ഒരു ചെറിയ അസ്ഥിക്കഷണം സ്പൊൺഡ്റാറെറാ എടുത്ത വസ്ത്രശകലത്തിൽ, അദ്ദേഹം വളരെ ശുഷ്കാന്തിയോടെ ചെയ്തിരുന്ന ഭക്തികൃത്യങ്ങൾക്കു് ഒരു സമ്മാനമെന്നവണ്ണം പററിപ്പിടിച്ചിരുന്നുവെന്ന്, ആ അവസരത്തിൽ അവിടെ നിന്നിരുന്ന ചരിത്രകാരനായ ബാറോണിയസ് കർദ്ദിനാൾ നമ്മെ അറിവിക്കുന്നു. പുണ്യവതിയുടെ തിരുശരീരത്തിൽനിന്നു വേർപെട്ടിട്ടുള്ള ഈ ഏക കഷണം, അസാധാരണ വിശ്വാസത്തോടുകൂടി അവരെ ശുശ്രൂഷിച്ചുവന്ന ഭക്തനു സമ്മാനിക്കുന്നതിനാണു് അവർ നിശ്ചയിച്ചതു്. പക്ഷെ, ക്ലെമെൻറു മാപ്പാപ്പായെപ്പോലെ, അദ്ദേഹവും ഈ വിശിഷ്ടയുടെ തിരുപ്പാദങ്ങളിൽ സംസ്കരിക്കപ്പെട്ടപ്പോൾ, പ്രസ്തുത ശകലം തിരികെ ആ പള്ളിയിൽതന്നെ സ്ഥാപിച്ചു. ചെച്ചീലിയായുടെ വസ്ത്രത്തിന്റെ ഒരു ഭാഗം അദ്ദേഹം മുറിച്ചെടുത്തപ്പോൾ, അവളുടെ നിർമ്മല മാംസത്തിന്റെ ആശകളെ കീഴടക്കുന്നതിനായി അവൾ ഉപയോഗിച്ചിരുന്ന രോമ വസ്ത്രത്തിന്റെ രോമക്കെട്ടുകൾ അദ്ദേഹത്തിന്റെ കൈയിൽ തട്ടി.

വലെറിയാനോസ്, ടൈബർഷ്യസ്, മാക്സിമസ്, ഇവരുടെ ശരീരങ്ങൾ രണ്ടാമത്തെ പെട്ടിയിലുണ്ടായിരുന്നു. അവരുടെ മരണത്തേയും സംസ്കാരത്തേയും കുറിച്ചു കിട്ടിയ

സകല വിവരണങ്ങളും വാസ്തവമെന്നു മനസ്സിലായി. രണ്ടു സഹോദരന്മാരും ആകൃതിയിൽ മിക്കവാറും യോജിച്ചിരുന്നു. മാക്സിമസ് ദീർഘകായനും മാംസളനുമായിരുന്നു. അദ്ദേഹം ശിരസ്സിൽ ഏററ അടികളുടെ ഫലമായി പുറപ്പെട്ടുകൊണ്ടിരുന്ന രക്തത്താൽ, തലമുടിയും അടിച്ചിരുന്ന ഇരുമ്പുക്കഷണങ്ങളും കൂട്ടിപ്പിടിച്ച് ഒന്നായിത്തീൻറു. മൂന്നാമത്തെ പെട്ടി— വേദസാക്ഷികളായ ഉർബാനോസും ലൂഷ്യസും— ചെച്ചീലിയായുടെ ശരീരത്തിനു നേരെ താഴെയാണിരുന്നത്. ഏകദേശം ഒരുമാസം കഴിഞ്ഞപ്പോൾ പഴയ സ്ഥലത്തുതന്നെ ചെച്ചീലിയായുടെ തിരുശരീരം സ്ഥാപിച്ചു. വി. ചെച്ചീലിയായുടെ ആ കൊല്ലത്തെ തിരുനാൾ ദിവസം (നവംബർ ൨൨-) ക്ലെമെൻറു മാർപ്പാപ്പാ, അനേകം കർദ്ദിനാളന്മാരോടും, മെത്രാന്മാർ, വൈദികർ ആദിയായ വലിയ പരിവാരങ്ങളോടും കൂടി, ദിവ്യരഹസ്യങ്ങളുടെ തിരുനാൾ ആഘോഷിക്കുന്നതിനായി ഈ ദേവാലയത്തിൽ വന്നു ചേൻറു. വെള്ളികൊണ്ട് ഒരു പെട്ടി പണിയിച്ച്, അതിൽ ആദ്യത്തെ സൈപ്രസ്സുപെട്ടി വയ്ക്കുകയും, ഇവ രണ്ടുംകൂടി മൂന്നാമതൊരു മാർബിൾപ്പെട്ടിയിൽ വച്ച് മാർപ്പാപ്പാ തന്നെ അടക്കുകയും ചെയ്തു. ഈ സംസ്കാരത്തിൻെറ സകല വിവരങ്ങളും ഒരു വെള്ളിപ്പലകയിൽ എഴുതി ആ പെട്ടിക്കു സമീപത്തുവച്ചു. ഇത്രയും കഴിച്ചതിനുശേഷം, ദൈവം തിരുമനസ്സാകുന്നെങ്കിൽ, അവസാനദിവസം മാത്രം തുറക്കപ്പെടത്തക്കവണ്ണം ചെച്ചീലിയായുടെ ശരീരം മൂന്നാംതവണ ഭൂദാനം ചെയ്യപ്പെടുകയും, ആദ്യമെ ഉണ്ടായിരുന്ന പുറമതിൽ വീണ്ടും പണിചെയ്തുറപ്പിക്കുകയും ചെയ്തു.

ശരീരം അകത്തുവച്ചടയ്ക്കുന്നതിനു മുമ്പ്, വലിയ ശില്പിയും ചിത്രകാരനുമായ മഡേർനെയെ വരുത്തി, ശോഭയേറിയ ആ ശരീരത്തിൻെറ ഒരു മാതൃക എഴുതിയുണ്ടാക്കുന്നതിനു പരിശുദ്ധ പിതാവ് ആജ്ഞാപിച്ചു. മുടുപടംപോലും മാററുന്നതിനദ്ദേഹം അനുവദിച്ചില്ല. മഡേർണോ വളരെ സൂക്ഷ്മതയോടുകൂടി ആ ശരീരത്തിൻെറ ഒരു ഛായ തീർത്തു. ഇപ്പോൾ ആ ദേവാലയത്തിലിരിക്കുന്നതും, ചിത്രലോകത്തിൽ പലെടത്തും അറിയപ്പെട്ടിരിക്കുന്നതുമായ ഛായാപടങ്ങൾ വാസ്തവത്തിൽ നിർമ്മിച്ചിട്ടുള്ളവയാണ്. ചെച്ചീലിയായുടെ ശരീരം രണ്ടാമതു കണ്ടുകിട്ടിയതിനെക്കുറിച്ചു സവിസ്തരം എഴുതിയിട്ടുള്ള ബാറോണിയസ്, ബോസിയേ, മുതലായ ചരിത്രകാരന്മാർ ഇതിലേക്കു പ്രധാന സാക്ഷികളുമാണ്.

വേറൊരബദ്ധാഭിപ്രായം നടപ്പുള്ളതും ഇവിടെ പ്രസ്താവാർഹം തന്നെ. ഹൈന്ദവ വിദ്യാർത്ഥികൾ അതിയായി ഇഷ്ടപ്പെടുന്ന ജെയിൻസെനിസ്റ്റ്, ചരിത്രകാരനായ ടില്ലെസ്സ്നാട്ട് എന്നയാൾ, "വിശുദ്ധ ചെച്ചീലിയാ റോമാക്കാരിയല്ലെന്നും അപ്രകാരം ഒരാൾ ഉണ്ടായിരുന്നില്ലെ"ന്നും തെളിയിക്കുന്നതിനു വളരെ ശ്രമങ്ങൾ ചെയ്തിട്ടുണ്ട്. പലരും അജ്ഞതയാൽ വിശ്വസിച്ചുപോരുന്ന 'ഫോർത്തുനാത്തുസ്' എന്ന കവി, "വിശുദ്ധ ചെച്ചീലിയാ സിസിലിയായിൽ വച്ചു മരിച്ചു" എന്നു വിവരിച്ചിരിക്കുന്നതിൽനിന്നാണ് ഈ അബദ്ധ വിശ്വാസം ഉത്ഭവിച്ചിരിക്കുന്നത്. സർഡീനിയാ ദ്വീപിൽ, ചെച്ചീലിയാ എന്നു പേരായി ഒരാൾ ഉണ്ടായിരുന്നു. ഫോർത്തുനാത്തുസ് ആദ്യമെ എഴുതിയതും അവരെക്കുറിച്ചുതന്നെയാണ്. പക്ഷേ, അയാളുടെ കൃതിയെ പകർത്തിയ മററാരൊ സർഡീനിയായിക്കു പകരം സിസീലിയാ എന്നു (സിസിലി ദ്വീപിനെ ഉദ്ദേശിച്ച്) എഴുതുകയും, ഈ തെററിൽനിന്ന് ടില്ലെസ്നാട്ട് 'ന്യായങ്ങൾ' കണ്ടുപിടിക്കുന്നതിനു ശ്രമിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇപ്രകാരം കുയുക്തികളാലും അബദ്ധപ്രസ്താവനകൾമൂലവും, തിരുസഭയുടെ മാഹാത്മ്യങ്ങളെ ലഘൂകരിക്കുന്നതിനും കഴിയുമെങ്കിൽ നശിപ്പിക്കുന്നതിനും തൻമൂലം അവരവർക്കു വിജയം ഘോഷിക്കുന്നതിനുമായി (നരകവാതിൽ ജയിക്കുകയില്ല, പിന്നയോ മനുഷ്യർ?) തങ്ങളുടെ ജീവനെക്കൂടി പണയം കൊടുത്തുകൊണ്ടു പുറപ്പെട്ടിരിക്കുന്ന ഒരു കൂട്ടം ബോധാന്ധന്മാരുടെ ശ്രമങ്ങൾ "ചിതറപ്പെടുന്ന"തു ഇന്നല്ലെങ്കിൽ നാളെ നമുക്കു കാണാമെന്നു ധൈര്യസമേതം ദൈവത്തിലും, അങ്ങേ വാത്സല്യശിഷ്യയും ധൈര്യവതിയുമായ ചെച്ചീലിയാ പുണ്യവതിയിലും ശരണപ്പെട്ടു കൊള്ളുക.

സമാപ്തം.

## മേടമാസത്തെ ഓരോ തിയതികളിലേക്കും വിശുദ്ധ പിതാക്കന്മാരുടെ പ്രബന്ധങ്ങളിൽ നിന്നെടുത്ത സാരോപദേശങ്ങൾ.

൧. നീതിയെ ആഗ്രഹിക്കുവരും സ്നേഹിക്കുന്നവരും നീതിയെ പ്രവൃത്തിപ്പാൻ സദാ ഇടവരുന്നതിനാൽ തൃപ്തരായിരിക്കുന്നു.

൨. സർവ്വാധിപതിയായ വിധികർത്താവിൻെറ മുമ്പാകെ ന്യായംബോധിപ്പിക്കേണ്ടതല്ലാത്തതായി വാക്കിലും വിചാരത്തിലും പ്രവൃത്തിയിലും അത്ര ലഘുവായതും നിസ്സാരമായതുമായി യാതൊന്നുമില്ല.

൩. ആ സമയം ഇഹത്തിലെ അനർത്ഥങ്ങളൊക്കെക്കാൾ വൃഥായുള്ള ഒരു വാക്ക ഏററം നാശകരമാണെന്നു ഗ്രഹിക്കും.

൪. അപ്പോൾ ഇഹത്തിലെ രത്നങ്ങളൊക്കെക്കാൾ ദൈവ വരപ്രസാദത്തിൻെറ ഒരു പൊരി ഏററം വിലയേറിയതാണ്.

൫. ആ സമയത്തിൽ ലൌകിക സമ്പത്തുകൾ നിസ്സാരവും മഹത്വങ്ങൾ പുകയും സന്തോഷാദികൾ ജലത്തിലെ കുമളകളുംപോലെ തോന്നപ്പെടുന്നതാണ്.

൬. അപ്പോൾ ധനവാനായ എല്പലൊനോടുകൂടി ഐശ്വൎയ്യങ്ങളിലും സദ്യകളിലും ആകുന്നതിനെക്കാൾ ലാസറിനോടുകൂടി ദാരിദ്ര്യത്തിലും അനർത്ഥങ്ങളിലും ആകുന്നതു ഏററം ഭാഗ്യമായി കരുതുന്നു.

൭. അപ്പോൾ സൽകൃത്യമല്ലാതെ വിലയുള്ളതായി വേറൊന്നും കാണുകയില്ല. മനുഷ്യ സ്തുതിയും സ്ഥാനവുമെല്ലാം നിസ്സാരങ്ങളായി ഗണിക്കപ്പെടുന്നതുമാണ്.

൮. അപ്പോൾ ലൌകികതത്വങ്ങളും സിദ്ധാന്തങ്ങളും പ്രമാണങ്ങളും, യുക്തിവിരുദ്ധവും വ്യർത്ഥവും മൌഢ്യവുമായി പരിവർത്തനം ചെയ്യുന്നു.

൯. മാനുഷികസ്തുതികളേയും പുകഴ്ചകളേയുംകാൾ ദൈവവാക്യം നിനക്കു അധികം വിലയേറിയതായിരിക്കണം.

൧൦. നിന്ദാവമാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിനേക്കാൾ മൌനമായിരുക്കുന്നതുത്തമം.

൧൧. തങ്ങളോടു ദ്രോഹം ചെയ്യുവരോടു ഉപദ്രം ചെയ്യാതെയിരിക്കുന്നതു വലിയ സൽകൃത്യമാണ്.

൧൨. ഇതിനേക്കാൾ മഹത്തരമാണ് ദ്രോഹികളോടു ക്ഷമിക്കുന്നതു്.

൧൩. ദ്രോഹിപ്പാൻ അവസരം കിട്ടീട്ടും ക്ഷമിക്കുന്നതായാൽ അതു ഏററവും സ്തുത്യർഹമായ ഒരു കൃത്യമെന്നേ പറയാനുള്ളു.

൧൪. പരസ്നേഹം കൂടാതെ സാക്ഷാൽ ദൈവസ്നേഹവും ദൈവസ്നേഹം കൂടാതെ യഥാർത്ഥ പരസ്നേഹവും ഉണ്ടാകുന്നതല്ല.

൧൫. ഉപദ്രവിച്ചവരോടു ക്ഷമിക്കാത്തവരുടെ പാപങ്ങൾക്കു ദൈവവും മോചനം കൊടുക്കുന്നില്ല.

൧൬. തൻെറ അയല്ക്കാരനോടു സമാധാനപ്പെടുവാൻ താമസിക്കുന്നവനോടു ദൈവവും സമാധാനപ്പെടുവാൻ അമാന്തിക്കുന്നതാണ്.

൧൭. പ്രശംസ അഹംങ്കാരത്തിൻെറ പുത്രനാണ്.

൧൮. ദൈവസ്നേഹം പാപത്തിൽനിന്നു അകററുന്നില്ലെങ്കിൽ ദൈവന്യായ വിധിയുടെ ഭയമെങ്കിലും നിന്നെ അകററുവാൻ ശക്തിയുള്ളതാകട്ടെ.

൧൯. ന്യായാധിപതി കേസുകളെ തീർപ്പുചെയ്യുന്നതിൽ ദൈവത്തെ ദർശിക്കാതെ മനുഷ്യരെ ശങ്കിക്കുന്നെങ്കിൽ പലപ്പോഴും തെററിപോകുന്നതാണ്.

൨൦. ധനപ്പെരുപ്പം ദുർഗ്ഗുണങ്ങളിലേക്കു ആകർഷിക്കുന്നു. ദുസ്സ്വഭാവത്തെ നീക്കിയാൽ ധനസമൃദ്ധികൊണ്ടു യാതൊരുപദ്രവുമുണ്ടാകുന്നതല്ല.

൨൧. മിതഭോജനം സുഖത്തിൻെറ മാതാവാകുന്നു. എന്നാൽ സുഖഭോഗാദികൾ ദീനത്തിൻെറ ജനനിയുമാണ്.

൨൨. ഉദാസീനത നിരാശയുടെ ഉല്പത്തിയെന്നു മാത്രമല്ലാ അതിൻെറ മാതാവും വളൎത്തമ്മയും ആയിരിക്കുന്നു.

൨൩. മുഖസ്തുതിക്കാരനാൽ സ്തുതിക്കപ്പെടുന്നതിനേക്കാൾ അന്യനാൽ ശാസിക്കപ്പെടുന്നതാണുത്തമം.

൨൪. എന്തെന്നാൽ കൊലയാളിയുടെ വാളിനെക്കാൾ മുഖസ്തുതിക്കാരൻെറ നാവ് അധികം ദ്രോഹം ചെയ്യുന്നു.

൨൫. അന്യന്മാർ നിന്നോടു ചെയ്ത അനീതിയെ നീ ക്ഷമിക്കുന്നില്ലെങ്കിൽ നിൻെറ ജീവിതം ഫലപ്രദമല്ലെന്നുമാത്രമല്ല "ഞാൻ അന്യനോടു ക്ഷമിക്കുന്നതുപോലെ എന്നോടും ക്ഷമിക്കേണമെ" എന്നു പ്രാൎത്ഥിക്കുന്നതുകൊണ്ടു നീ ദൈവശാപത്തെ നിനക്കുതന്നെ വരുത്തിവെക്കുന്നു.

൨൬. ഘനമായ പാപങ്ങൾക്കു വലുതായ അനുതാപം ആവശ്യമാണ്.

൨൭. കുററക്കാരൻ എളുപ്പത്തിൽ സ്വന്തപാതകങ്ങളിൽനിന്നു ഗുണപ്പെടുന്ന പക്ഷം ന്യായാധിപതി അവനോടു ആനുകൂല്യമുള്ളവനായി ക്ഷമിക്കുന്നു.

൨൮. യാചിക്കുന്നതു കിട്ടുമെന്നുള്ള ആശയോടും ദൈവസ്നേഹത്തോടും കൂടി പ്രാൎത്ഥിമ്പോൾ മാത്രമേ പ്രാൎത്ഥിതാൎത്ഥം ദൈവം നമുക്കു നൽകുകയുള്ളൂ.

൨൯. ദൈവികകല്പനകളിൽ ഒന്നിനെ എങ്കിലും ലംഘിക്കുന്നവൻെറ അപേക്ഷ ദൈവസന്നിധിയിൽ സ്വീകാരയോഗ്യമല്ല.

൩൦. ദൈവത്തെക്കുറിച്ചു ചെയ്യുന്ന പ്രവൃത്തികളിൽ ഒന്നും തന്നെ നിസ്സാരമെന്നു പറഞ്ഞുകൂടാ. എന്തെന്നാൽ നിസ്സാരകൃത്യത്തെ ഒന്നുകിൽ പ്രവൃത്തിക്കയില്ല, ഒരു പക്ഷേ പ്രവൃത്തിച്ചാലും അതു സാരമേറിയതായി മാറുന്നു.

---



## തിരുഹൃദയ ഭക്തന്മാർ

### ൧൯൧൭ ഏപ്രിൽ മാസത്തിൽ വെക്കേണ്ട

## പൊതുക്കരുതൽ.

---

"യുദ്ധകാലത്തിലുള്ള ഉപവി."

ഈ ലാക്ക് ഈ സമയത്തു വളരെ സന്ദൎഭോചിതമാണെന്നു പറയെണമെന്നില്ലല്ലൊ. ലോകത്തിൻെറ നാനാഭാഗത്തുനിന്നും നമ്മുടെ ഉപവിയ്ക്കടുത്ത പ്രവൃത്തികളുടെ ലബ്ധിക്കായി നിലവിളിക്കുന്ന സ്വരം നമ്മുടെ കൎണ്ണങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. നാം ഉപവിയെ അനുവൎത്തിക്കേണ്ടതു രണ്ടുവിധത്തിലാകുന്നു. അവ ആത്മികവും ശാരീരികവുമാണ്. അഥവാ നമ്മുടെ പ്രാൎത്ഥനകളാലും ബാഹ്യപ്രവൃത്തികളാലും ഈ ഉപവിപ്രവൃത്തി നാം ചെയ്യേണ്ടതാണ്. ഈ ഭയങ്കരയുദ്ധം വേഗത്തിൽ അവസാനിക്കുന്നതിന്നും സമാധാനത്തിൻെറ മാധുൎയ്യം എല്ലാവരും അനുഭവിക്കുന്നതിന്നുമായിട്ടാണ് നാം ആദ്യം പ്രാൎത്ഥിക്കേണ്ടത്. ഈ യുദ്ധത്തിൽ മരിക്കുന്നയാളുകൾ ദൈവസ്നേഹത്തിൽ മരിക്കുന്നതിന്നും തദ്വാരാ നിത്യനരകത്തിൽനിന്നു രക്ഷപെട്ടു സ്വൎഗ്ഗഭാഗ്യം അനുഭവിക്കുന്നതിന്നും നാം പ്രാൎത്ഥിക്കെണം. കരയിലും കടലിലും കിടങ്ങുകളിലും കോട്ടകളിലും മരിക്കുന്നവരിൽ എത്രയൊപേർ ദൈവാനുഗ്രഹത്താലും നമ്മുടെ പ്രാൎത്ഥന കൊണ്ടും നല്ലമരണം പ്രാപിച്ചെങ്കിലും ശുദ്ധീകരസ്ഥലത്തിൽ കിടന്നു കഠിനവേദന അനുഭവിക്കുന്നു. ഇവരെ നമ്മുടെ അപേക്ഷകൾകൊണ്ട് സഹായിക്കുന്നതും നമ്മുടെ ഉപവിയുടെ ഒരു കടമയാണ്. രണ്ടാമതായി ബാഹ്യമായ നമ്മുടെ ഉപവിപ്രവൃത്തികൾകൊണ്ടു യുദ്ധബാധിതരേയും അനാഥന്മാരായ കുട്ടികളേയും വിധവകളേയും നമ്മുടെ ശക്തിക്കൊത്തവണ്ണം നാം സഹായിക്കണം.

# ലോകവർത്തമാനച്ചുരുക്കം.

പ്രോട്ടസ്റ്റാണ്ടു സഭയുടെ കേന്ദ്രസ്ഥാനമായ ഗ്രേറ്റുബ്രിട്ടനിൽ കത്തോലിക്കാസഭയ്ക്കു ഇക്കഴിഞ്ഞ ഒരു കൊല്ലത്തിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധി ചാരിതാർത്ഥ്യജനകമായിരിക്കുന്നു. കപ്പേളകൾ ഉൾപ്പെടെ ഇപ്പോൾ ൨൩൫൧ ദേവാലയങ്ങളാണ് ഇവിടെയുള്ളതു്. ഈ സംഖ്യ തലെക്കൊല്ലത്തേക്കാൾ ൩൧ കൂടുതലാണ്. മെത്രാപ്പോലീത്താമാരും മെത്രാന്മാരുംകൂടി ൨൩ പേരുണ്ടു്. പട്ടക്കാരുടെ സംഖ്യ ൪൪൫൧ ആകുന്നു. ഇംഗ്ലണ്ടിലും വെയിൽസിലുംകൂടി ൧൮ ലക്ഷത്തി ൯൪൨൪൩ കത്തോലിക്കർ ഉണ്ടു്. ഇക്കഴിഞ്ഞ ഒരു കൊല്ലത്തിൽ പതിനായിരംപേർ വിശേഷാൽ വർദ്ധിച്ചിട്ടുണ്ടു്. സ്കോട്ടലാണ്ടിലെ കത്തോലിക്ക ജനസംഖ്യ ൫,൪൩,൦൦൦ മാണ്. അയർലാണ്ടു ഒരു കത്തോലിക്ക രാജ്യമായതുകൊണ്ടു അതിനെ ഇതിൽ ഉൾപ്പെടുത്തിട്ടില്ല.

ബ്രിട്ടീഷ് പതാകയുടെ തണലിൽ വിശ്രമിക്കുന്ന കത്തോലിക്കരുടെ സംഖ്യ ഒരുകോടി ൩൩ ലക്ഷമാണെന്നു കാണുന്നു. അവയുടെ വിഭജനം താഴെകാണും പ്രകാരമാണ്. യൂറോപ്പിലുള്ള ബ്രിട്ടീഷ് സാമ്റാജ്യത്തിൽതന്നെ ൫൯ ലക്ഷം കത്തോലിക്കരുണ്ടു്. ഇവരിൽ ൩൨ ലക്ഷവും അയർലാണ്ടിലാണ്. ജിബ്റാൾട്ടറിൽ ൧൫൦൦൦-ം മാൽട്ടായിൽ രണ്ടുലക്ഷത്തി ൩൦൧൦-ം സൈപ്രസിൽ ൮൧൫-ം ആകുന്നു. ഏഷ്യായിൽ ൨൩൦ ലക്ഷം കത്തോലിക്കരാണുള്ളതു്. ആഫ്രിക്കായിൽ ൫ ലക്ഷത്തി ൫൦൦൦ മാത്രമേയുള്ളു. അമേരിക്കാഖണ്ഡത്തിലുള്ള ബ്രിട്ടീഷ് സംസ്ഥാനങ്ങളിൽ ൩൩ ലക്ഷത്തിൽ പരം കത്തോലിക്കർ വസിക്കുന്നു. ഇവരിൽ ഏറിയപങ്കും കനഡായിലാണ്. ഓസ്ട്രേലിയായിൽ ൧൨ ലക്ഷത്തിലധികം കത്തോലിക്കർ ഉണ്ടു്. അമേരിക്കായിലെ ഐക്യരാജ്യഗവർമ്മേണ്ടിന്റെ ആജ്ഞയിൽ താമസിക്കുന്ന കത്തോലിക്കർ ഒരുകോടി ൩൦ ലക്ഷത്തിലധികമാണ്. ഇങ്ങനെ ഇംഗ്ലീഷ് ഭാഷ പ്രചരിച്ചിട്ടുള്ള രാജ്യങ്ങളിലെ കത്തോലിക്കരുടെ മൊത്തത്തുക, മൂന്നുകോടി ൩൮ ലക്ഷത്തിൽ പരമാണെന്നു കാണാം.

വാർസൊ മുതലായ പട്ടണങ്ങളിൽ ഓർത്ത ഡോക്ക്സ് ദേവാലയങ്ങളിലും കത്തോലിക്ക ദേവാലയങ്ങളിലുമുണ്ടായിരുന്ന വലിയ മണികൾ ജർമ്മൻകാർ അപഹരിച്ചുകൊണ്ടു പോയിരുന്നു. ഇവയിൽ ചിലവ ചരിത്ര പ്രസിദ്ധങ്ങളും വലിയ സ്മാരകങ്ങളുമാകകൊണ്ടു അവയെ തിരികെ തരേണമെന്നപേക്ഷിക്കുന്നതിനായി പട്ടക്കാരുടെ ഒരു ഡെപ്യൂട്ടേഷൻ ജർമ്മൻ അധികാരിയുടെ അടുക്കൽ ചെന്നിരുന്നു. തിരികെകൊടുക്കാമെന്നു അയാൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കശേഷം ഡെപ്യൂട്ടേഷൻപോയവർക്കു ഒരു ബങ്കി ലഭിക്കുകയുണ്ടായി. അതിലെന്തായിരിക്കുമെന്നുള്ള ഉൽക്കണ്ഠയോടുകൂടി തുറന്നുനോക്കിയപ്പോൾ കണ്ടതു മണികളുടെ 'ഫോട്ടൊ' (ഛായാപടം) യായിരുന്നു. 'ഇപ്പോഴത്തെ സ്ഥിതിക്കു ഇതിൽ കൂടുതലായി ഒന്നും ചെയ്വാൻ സാധിക്കുന്നതല്ല' എന്ന ഒരെഴുത്തും അടക്കം ചെയ്തിട്ടുണ്ടായിരുന്നു.

ക്രിസ്തുവർഷം ആരംഭിച്ചിട്ടു, ഒരു ലക്ഷം ഞായറാഴ്ച പൂർത്തിയാകുന്നതു ഈ വത്സരത്തിലാണെന്നു ൧൯൧൮-നെ ഒരാണ്ടിലുള്ള ആഴ്ചകൾകൊണ്ടു ഗുണിച്ചാൽ കാണാവുന്നതാണ്. ജ്യോതിശ്ശാസ്ത്ര വിദഗ്ദ്ധന്മാരുടെ അഭിപ്രായപ്രകാരം നൂറായിരാമത്തെ ആഴ്ച തുടങ്ങുന്നതു വരുന്ന ജൂലായി ൮-യാണെന്നു കാണുന്നു.

റഷ്യാചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കി, അവിടെ ജനാധിപത്യഗവർമ്മേണ്ടു സ്ഥാപിക്കുന്നതിനു ശ്രമിച്ചുവരുന്നു.

പനിക്കു ഒരു സിദ്ധൌഷധമായി തീർന്നിരിക്കുന്ന കിനയിൻ (കൈയിനാ) ആദ്യമായി കണ്ടുപിടിച്ചതു് ൧൫൩൫-ൽ ഒരു ഈശോസഭക്കാരനായിരുന്നു.

മെയിജർഒർഡിലീസ് കഴിഞ്ഞമാസത്തിൽ കത്തോലിക്കാസഭയിൽ ചേരുകയുണ്ടായി. ധ്റുവ പരിശോധനാർത്ഥം

മിസ്റ്റർ ഷാക്ക് ലെററന്റെകൂടി യാത്രപുറപ്പെട്ടിരുന്ന ഒരാളാണിദ്ദേഹം. റോമായിൽവച്ചാണു ജ്ഞാനസ്നാനം കൈക്കൊണ്ടതു്. ജ്ഞാനസ്നാനം കൈക്കൊണ്ട പിറേറദിവസം കാർഡിനൽ ഗാസ് കപററിന്റെ പ്രൈവററ് ചാപ്പലിൽവച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും അന്നുതന്നെ വെസ്റ്റുമിനിസ്റ്ററിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ബോറൺ അദ്ദേഹത്തിനു സ്ഥൈര്യലേപനം നൽകുകയുംചെയ്തു. ഇതിന്റെ ശേഷം മാർപ്പാപ്പാതിരുമേനിയെ കാണുന്നതിനും ഇദ്ദേഹത്തിന്നു പ്രത്യേക അനുവാദം ലഭിച്ചു. സത്യസഭയിലേക്കു പിന്തിരിഞ്ഞതിനേപ്പററി മാർപ്പാപ്പാ ഇദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ടു ഹൃദയപൂർവ്വം ആശിർവ്വദിക്കുകയുണ്ടായി.

ഒരു ശതവർഷംകൊണ്ടു കത്തോലിക്കാസഭയ്ക്കു ഓസ്ട്രേലിയായിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധി താഴെക്കാണുന്ന സംഖ്യകളിൽനിന്നു വിശദമാകുന്നതാണ്. ഒരു നൂറുവർഷങ്ങൾക്കു മുമ്പ് ഒരു പട്ടക്കാരനും നാലയ്യായിരം വിശ്വാസികളും മാത്രമെ ഓസ്ട്രേലിയായിൽ ഉണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ ൯ ലക്ഷം കത്തോലിക്കർ അവിടെയുണ്ടു്. (ടാസ്മാനിയ, ന്യൂസീലണ്ടു് എന്നീ ദ്വീപുകളിലെ കത്തോലിക്കരെ മുൻപറഞ്ഞ സംഖ്യയിൽ ഉൾപ്പെടുത്തീട്ടില്ല.) ഇവരെ ഭരിക്കുന്നതിനു ൫ മെത്രാപ്പോലീത്താമാരും, ൧൨ മെത്രാന്മാരും, ൩ വികാരി അപ്പസ്തോലിക്കാമാരും ആയിരം പട്ടക്കാരുമുണ്ടു്. മെത്രാന്മാരും പട്ടക്കാരും ഏറിയകൂറും അയർലാണ്ടുകാരാണ്. ൧൪൦൦ ദേവാലയങ്ങളും രണ്ടു സെമ്മിനാരികളും ൨൪ ഹൈസ്കൂളുകളും ൧൩൨ ബോർഡിങ്ങ് സ്കൂളുകളും ൬൨ പ്രാഥമിക വിദ്യാലയങ്ങളും കത്തോലിക്കരുടെ വകയായി അവിടെ പരിലസിക്കുന്നു. കത്തോലിക്കരുടെ ധർമ്മംകൊണ്ടുമാത്രമാണ് ഈ സ്കൂളുകൾ നടത്തപ്പെടുന്നതു്. ഗവർമ്മേണ്ടു യാതൊരു പണസഹായവും ചെയ്യുന്നില്ല.

ഹോളണ്ടിൽ കത്തോലിക്കാസഭയ്ക്കുള്ള അഭിവൃദ്ധി വിസ്മയനീയമായിരിക്കുന്നു. കത്തോലിക്കാ സത്യപ്രചാരസംഘത്തിന്റെ രീതിയിൽ അവിടെ സ്ഥാപിതമായിരിക്കുന്ന ഒരു സംഘക്കാർ, കത്തോലിക്കാ മത സിദ്ധാന്തങ്ങളെ കൂലങ്കഷമായി വിവരിച്ചിട്ടുള്ള ലഘുപത്രികകളെ പ്രോട്ടസ്റ്റാണ്ടുകാരുടേയും കത്തോലിക്കരുടെയും ഇടയിൽ പ്രചരിപ്പിക്കുക പതിവാണ്. ഇതിന്റെ ഫലമായി ജ്ഞാനം കൊണ്ടും സ്ഥാനം കൊണ്ടും അവിടെ ഉയർന്നുനിൽക്കുന്ന പലേ മഹാന്മാരും മാനസാന്തരപ്പെടുന്നുണ്ടു്. ഈയിടെ ഒരു പ്രോട്ടസ്റ്റാൻറു പാതിരി കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി. ഇദ്ദേഹം മാനസാന്തര വൃത്താന്തം സ്വന്ത ഇടവകാരെ അറിയിച്ചുകൊണ്ടു് ഉദ്യോഗം രാജിവെക്കയിൽ, ഈ മതപരിവർത്തനത്തിന്നുള്ള പ്രധാന കാരണങ്ങൾ എന്തെന്നറിവാനാഗ്രഹമുണ്ടെന്നു അവർ അദ്ദേഹത്തോടു പറയുകയും തൽസംബന്ധമായി ഒരു ദീർഘപ്രസംഗം ദേവാലയത്തിൽവച്ചു ചെയ്യുന്നതിനു അദ്ദേഹത്തെ അവർ അനുവദിക്കുകയും ചെയ്തു.

൧൮൦൦-ാമാണ്ടിൽ ൩ ലക്ഷം കത്തോലിക്കരെ ഹോളണ്ടിൽ ഉണ്ടായിരുന്നുള്ളു. അക്കാലത്തു പരസ്യമായി ദിവ്യപൂജ അർപ്പിക്കുന്നതിനുപോലും പാടില്ലായിരുന്നു. ൧൮൫൩-ൽ സാദരസ്മരണക്കർഹനായ ൯=ാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് ഒരു മെത്രാപ്പോലീത്തായേയും നാലു മെത്രാന്മാരേയും വാഴിച്ച് അവിടെ ഒരു ഹൈരാക്കി സ്ഥാപിച്ചു. അപ്പോൾ ൧൪൦൦ വൈദികന്മാരും ൧൨ ലക്ഷത്തി മുപ്പതിനായിരം കത്തോലിക്കരും അവിടെ ഉണ്ടായിരുന്നു. ഇപ്പോഴാവട്ടെ അവിടത്തെ കത്തോലിക്കരുടെ സംഖ്യ ൨൧½ ലക്ഷമാണ്. ഈ ജനാഭിവൃദ്ധിക്കനുസരിച്ച് സാമുദായികനിലയിലും അവർക്കു ഔന്നത്യം ലഭിച്ചിട്ടുണ്ടെന്നുള്ളതിന്ന് മന്ത്രിപദം തുടങ്ങി പലേ വലിയ ഉദ്യോഗങ്ങളിലും കത്തോലിക്കർ നിയമിതരായിട്ടുണ്ടെന്നുള്ളതു് ഒരു സാക്ഷ്യമാകുന്നു. ൧൮൮൫-ൽ ഒരു പത്രംമാത്രമേ കത്തോലിക്കരുടെ വകയായിട്ടുണ്ടായിരുന്നുള്ളു. ഇന്നാകട്ടെ ഹോളണ്ടിൽ ൧൪ പ്രതിദിനപത്രങ്ങളും പ്രത്യുദ്ധ്വാരവും പ്രതിവാരവുമായി പ്രസിദ്ധപ്പെടുത്തുന്ന ൯൩ പത്രങ്ങളും ൪൩ മാസികകളുമുണ്ടു്.